# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കള്ളിക്കാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.TVM/GP2/16/2022...

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 02/02/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കള്ളിക്കാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.

3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.TVM/GP2/16/2022... തീയ്യതി: 02/02/2022

## തിരുവനന്തപുരം ജില്ലയിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 22-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-10-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ശ്രീജ. കെ | ഡെപ്യൂട്ടി ഡയറക്ടർ | 23-10-2021 | 30-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-10-2021 | 30-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മേരി ആൻഡ്രൂസ്, ഓഡിറ്റ് ഓഫിസർ

ശ്രീമതി. ജയലക്ഷ്മി ബി കെ സീനിയർഗ്രേഡ് ഓഡിറ്റർ

ശ്രീമതി. തനൂജ.എം.എൻ, സീനിയർഗ്രേഡ് ഓഡിറ്റർ
ശ്രീ. ജസ്റ്റിൻരാജ്, സീനിയർഗ്രേഡ് ഓഡിറ്റർ
ശ്രീ. ലിപു.എസ്.ലോറൻസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ജെ.ആർ.അജിത | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ ജി.എൻ. ഹരികുമാർ | സെക്രട്ടറി | 01-04-2019 | 15-07-2019 |
| ശ്രീ ഈ.വിഷ്ണു നമ്പൂതിരി | സെക്രട്ടറി | 15-07-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സജീന ബീവി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ഡോ .അജോഷ് തമ്പി ടി.എസ്. | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | 01-04-2019 | 31-03-2020 |
| ഡോ.ജാകിലിൻ എ. | മെഡിക്കൽ ഓഫീസർ, ഗവ.ആയുർവേദ ഡിസ്പെൻസറി | 01-04-2019 | 31-03-2020 |
| ഡോ.രാധികാ റാണി എ.എസ്. | മെഡിക്കൽ ഓഫീസർ,ഗവ.ഹോമിയോ ഡിസ്പെൻസറി | 01-04-2019 | 31-03-2020 |
| ഡോ.എസ്.സുജിത്ത് കുമാർ | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീ.അനീഷ് | ഹെഡ്മാസ്റ്റർ | 01-04-2019 | 06-06-2019 |
| ശ്രീമതി ഉഷകുമാരി | ഹെഡ്മിസ്ട്രസ് | 07-06-2019 | 31-03-2020 |
| ശ്രീമതി ലാൽസി റാണി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി രാധിക എസ്. ആർ. | വി.ഇ.ഒ. (സർക്കിൾ-എ) | 01-04-2019 | 03-07-2019 |
| ശ്രീമതി പുഷ്പകുമാരി | വി.ഇ.ഒ. (സർക്കിൾ-എ) | 04-07-2019 | 31-03-2020 |
| ശ്രീമതി ആതിര ജെ. | വി.ഇ.ഒ. (സർക്കിൾ-ബി) | 01-04-2019 | 16-12-2019 |

| | | | |
|---|---|---|---|
| ശ്രീമതി ആര്യ | വി.ഇ.ഒ. (സർക്കിൾ-ബി) | 13-12-2019 | 31-03-2020 |
| ശ്രീ.സുനിൽ കെ. | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jayalekshmi BK (Senior Grade Auditor, On 04-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 01-02-2022) | 1-1 |
| 2 | ബജറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ<br>Written By: Jayalekshmi BK (Senior Grade Auditor, On 04-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 01-02-2022) | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: Jayalekshmi BK (Senior Grade Auditor, On 04-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 01-02-2022) | 1-2 |
| 4 | വാർഷിക ധനകാര്യ പത്രിക പൊതു അപാകതകൾ<br>Written By: Jayalekshmi BK (Senior Grade Auditor, On 04-11-2021)<br>Last Updated By: Reni L.S. (Computer Assistant, On 02-02-2022) | 1-2-1 |
| 5 | റീകൺസിലിയേഷൻ- അപാകതകൾ<br>Written By: Jayalekshmi BK (Senior Grade Auditor, On 04-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-02-2022) | 1-2-2 |
| 6 | അക്കൌണ്ടിലേക്ക് ലഭിക്കുന്ന തുക- ഉറവിടം വ്യക്തമല്ല<br>Written By: Jayalekshmi BK (Senior Grade Auditor, On 04-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-02-2022) | 1-2-3 |
| 7 | അഡ്വാൻസ് തുക ക്രമീകരിച്ചിട്ടില്ല<br>Written By: Jayalekshmi BK (Senior Grade Auditor, On 04-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-02-2022) | 1-2-4 |
| 8 | സർക്കാരിലേക്ക് ഒടുക്കേണ്ട തുക ഒടുക്കിയതിന്റെ വിശദാംശങ്ങൾ<br>Written By: Jayalekshmi BK (Senior Grade Auditor, On 04-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-02-2022) | 1-2-5 |
| 9 | ഗ്രാന്റ് വിനിയോഗം<br>Written By: Jayalekshmi BK (Senior Grade Auditor, On 05-11-2021)<br>Last Updated By: K Sreeja (Deputy Director, On 02-02-2022) | 1-3 |
| 10 | പദ്ധതി അവലോകനം<br>Written By: Lipu Lawrence (Auditor, On 30-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-02-2022) | 1-4 |
| 11 | ക്ഷേമ പദ്ധതി<br>Written By: Justin Raj T.S (Senior Grade Auditor, On 06-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-02-2022) | 1-5 |
| 12 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Lipu Lawrence (Auditor, On 30-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-02-2022) | 1-6 |
| 13 | ആഭ്യന്തര നിയന്ത്രണം<br>Written By: Mary Andrews (Audit Officer, On 30-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 02-02-2022) | 1-7 |
| 14 | തൊഴിലുറപ്പ് പദ്ധതി<br>Written By: Jayalekshmi BK (Senior Grade Auditor, On 05-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-02-2022) | 1-8 |
| 15 | സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ട ടി.ഡി.എസ് ഈടാക്കിയിട്ടില്ല-<br>Written By: Jayalekshmi BK (Senior Grade Auditor, On 05-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-02-2022) | 1-8-1 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Mary Andrews (Audit Officer, On 30-12-2021) | 1-9 |

| | | |
|---|---|---|
| | Last Updated By: Mary Andrews (Audit Officer, On 04-01-2022) | |
| 17 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച<br>Written By: Justin Raj T.S (Senior Grade Auditor, On 06-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-02-2022) | 1-10 |
| 18 | തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഈടാക്കിയിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 06-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-02-2022) | 1-11 |
| 19 | ഇ.എം.എസ്.ഭവനപദ്ധതിയ്ക്കായി ലഭിച്ച തുക തിരിച്ചടച്ചിട്ടില്ല<br>Written By: Jayalekshmi BK (Senior Grade Auditor, On 05-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-02-2022) | 1-12 |
| 20 | സ്ഥാപന നികുതി പിരിച്ചെടുത്തിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 06-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-02-2022) | 1-13 |
| 21 | ലൈസൻസ്<br>Written By: THANUJA M.N. (Senior Grade Auditor, On 01-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-02-2022) | 1-14 |
| 22 | മൊബൈൽ ടവറുകളുടെ വസ്തുനികുതി പിരിച്ചെടുക്കുന്നില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 06-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-02-2022) | 1-15 |
| 23 | തൊഴിൽ നികുതി ഡിമാന്റ് നോട്ടീസ് നൽകിയില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 06-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-02-2022) | 1-16 |
| 24 | റേഷൻ കടകളിൽനിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 06-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-02-2022) | 1-17 |
| 25 | വിമുക്ത ഭടന്മാരായ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 06-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-02-2022) | 1-18 |
| 26 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് - പഞ്ചായത്തിനു വരുമാന നഷ്ടം<br>Written By: Justin Raj T.S (Senior Grade Auditor, On 06-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-02-2022) | 1-19 |
| 27 | ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ വിവിധ ക്ഷേമ പദ്ധതികൾ<br>Written By: THANUJA M.N. (Senior Grade Auditor, On 02-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-02-2022) | 1-20 |
| 28 | ലോഗ്ബുക്ക് പരിപാലനത്തിലെ അപാകതകൾ<br>Written By: Justin Raj T.S (Senior Grade Auditor, On 06-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-02-2022) | 1-21 |
| 29 | ടെണ്ടർ -നടപടിക്രമം പാലിക്കേണ്ടതാണ്<br>Written By: Lipu Lawrence (Auditor, On 23-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-02-2022) | 1-22 |
| 30 | പെൻഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 06-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-02-2022) | 1-23 |
| 31 | കരാർ ചമയ്ക്കാൻ താമസിച്ചതിന് പിഴ ഈടാക്കിയിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 06-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-02-2022) | 1-24 |
| 32 | ടെന്റർ നിരക്കിനേക്കാൾ കൂടുതൽ തുക കരാറുകാരനു നൽകി<br>Written By: Justin Raj T.S (Senior Grade Auditor, On 06-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-02-2022) | 1-25 |
| 33 | നിശ്ചിത കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്തതിന് പിഴ | 1-26 |

| | | |
|---|---|---|
| | ഈടാക്കിയിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 06-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-02-2022) | |
| 34 | ഇ-ടെന്റർ ഫോറങ്ങളുടെ വില പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ക്രഡിറ്റ് ചെയ്തിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 06-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-02-2022) | 1-27 |
| 35 | വാഹന പരിപാലനത്തിലെ അപാകതകൾ<br>Written By: Justin Raj T.S (Senior Grade Auditor, On 06-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-02-2022) | 1-28 |
| 36 | ഗുണഭോക്തൃ തെരഞ്ഞെടുപ്പ് - മാർഗ്ഗരേഖ പാലിക്കുന്നില്ല<br>Written By: Lipu Lawrence (Auditor, On 23-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-02-2022) | 1-29 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayalekshmi BK (Senior Grade Auditor, On 11-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-02-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jayalekshmi BK (Senior Grade Auditor, On 11-11-2021)<br>Last Updated By: Mary Andrews (Audit Officer, On 04-01-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jayalekshmi BK (Senior Grade Auditor, On 11-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-02-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Jayalekshmi BK (Senior Grade Auditor, On 17-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-02-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപം<br>Written By: Jayalekshmi BK (Senior Grade Auditor, On 17-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-02-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Jayalekshmi BK (Senior Grade Auditor, On 17-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-02-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Jayalekshmi BK (Senior Grade Auditor, On 17-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-02-2022) | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayalekshmi BK (Senior Grade Auditor, On 01-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-02-2022) | 4-8 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിശദാംശം<br>Written By: Jayalekshmi BK (Senior Grade Auditor, On 17-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-02-2022) | 4-9 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## 1-1 ബജറ്റ്

2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് 05.03.2019 ലെ ഭരണസമിതിയുടെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-1-1 ബജറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ

1. സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരമുള്ള ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥരോട് പദ്ധതിയേതര നിർദ്ദേശങ്ങൾ ആവശ്യപ്പെട്ടതിന്റേയും ആയത് സമർപ്പിച്ചതിന്റേയും രേഖകൾ അടങ്ങിയ ഫയൽ സൂക്ഷിച്ചിട്ടില്ല.

2. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214(5) പ്രകാരം ബജറ്റിൽ ഉൾപ്പെടാത്ത തുക ചെലവഴിക്കുന്നുണ്ടെങ്കിൽ അനുബന്ധ ബജറ്റ്/പരിഷ്കരിച്ച ബജറ്റ് അവതരിപ്പിക്കേണ്ടതും തൊട്ടടുത്ത ഗ്രാമപഞ്ചായത്ത് യോഗത്തിൽ അംഗീകരിക്കേണ്ടതുമാണ്. എന്നാൽ ബജറ്റിൽ ഉൾപ്പെടാത്ത ഇനങ്ങൾക്കും, ബജറ്റിൽ വകയിരുത്തിയതിലും അധികമായും ചെലവഴിച്ചതിന് മേൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. ചില ഉദാ. ചുവടെ ചേർക്കുന്നു.

| ഹെഡ് | ഇനം | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|
| 2101003 | ബോണസ് | 35000 | 36000 |
| 2104001 | Terminal Leave Encashment | 0 | 398841 |
| 2105001 | എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് കോൺട്രിബ്യൂഷൻ | 0 | 91220 |
| 2301002 | ഡീസൽ, പെട്രോൾ, ഓയിൽ, ലൂബ്രിക്കന്റ് | 85000 | 97876 |
| 2301101 | വാട്ടർ ചാർജ് | 560500 | 850586 |
| 2304001 | വാടക | 0 | 20300 |
| 2308001 | മറ്റ് മെയിന്റനൻസ് ചെലവുകൾ | 0 | 294496 |
| 2501039 | മൃഗസംരക്ഷണം- പശ്ചാത്തല സൌകര്യങ്ങൾ | 0 | 200000 |

3. 2019-20 സാമ്പത്തിക വർഷത്തെ ബജറ്റിൽ/ പരിഷ്കരിച്ച ബജറ്റിൽ വകയിരുത്തിയ വിവിധ ഇനങ്ങൾക്ക് തുകയൊന്നും ചെലവഴിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ.

| ഹെഡ് | ഇനം | ബജറ്റിൽ വകയിരുത്തിയ തുക | ധനകാര്യപത്രിക പ്രകാരം ചെലവ് |
|---|---|---|---|
| 2501010 | കൃഷിയും അനുബന്ധമേഖലകളും- അടയ്ക്ക കൃഷി | 352000 | 0 |
| 2501031 | മൃഗസംരക്ഷണം- പശുവളർത്തൽ | 2400000 | 0 |
| 2511007 | സ്പോർട്സ് | 195000 | 0 |
| 2511010 | കല- സംസ്കാരം | 50000 | 0 |

അപാകതയ്ക്ക് വിശദീകരണമാവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇതിന്മേൽ വിശദീകരണം നൽകേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട | ലഭിച്ച |
|---|---|

| തീയതി | തീയതി |
|---|---|
| 31.07.2020 | 19.06.2020 |

## 1-2-1 വാർഷിക ധനകാര്യ പത്രിക പൊതു അപാകതകൾ

1. Income & Expenditure Statement പ്രകാരമുള്ള ആകെ ചെലവ് ആകെ വരുമാനത്തെക്കാൾ ഉയർന്നു നിൽക്കുന്നു.

ഡിപ്രീസിയേഷൻ ഇനത്തിൽ 2019-20ൽ 2355727/-രൂപ വന്നതിനാലാണ് ഇപ്രകാരം സംഭവിച്ചതെന്ന് മറുപടി നൽകിയത്.

2. Advance Registerൽ എൻ.ആർ.ഇ.ജി.എസ് ഒഴികെയുള്ള അഡ്വാൻസ് നൽകിയതിന്റെ വിശദാംശം രേഖപ്പെടുത്തിയിട്ടില്ല. MGNREGSന് അഡ്വാൻസ് നൽകിയതിന്റെ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടുമില്ല. അഡ്വാൻസ് രജിസ്റ്റർ എൻടി പൂർത്തിയാക്കി സമർപ്പിക്കുന്നതാണെന്ന് മറുപടി നൽകി.

3. AFS പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 105000/- രൂപ നൽകിയിട്ടുണ്ട്. ആയത് ക്രമീകരിച്ചത് രേഖപ്പെടുത്തിയിട്ടില്ല.

4. വസ്തുനികുതി- സഞ്ചയ ഡി.സി.ബി. പത്രിക പ്രകാരമുള്ള തുകയും എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല.

5. വാർഷിക ധനകാര്യപത്രിക I-18 Schedule പ്രകാരം Miscellaneous Expenses ഇനത്തിൽ 266692/-രൂപ ഡിമാന്റിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ആയതിന് ഭരണസമിതി അംഗീകാരം വാങ്ങിയിട്ടില്ല

6. ലോൺ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ എ.എഫ്.എസ് പ്രകാരം പ്രസ്തുത ഇങ്ങളുടെ വരവ്-ചെലവിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല

7. ഡിപ്രീസിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധയ്ക്ക് ലഭ്യമാക്കാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിൽ ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയതിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല

8. ഇ-ടെണ്ടറിൽ നിന്നുള്ള ഫാറവില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെട്ടത്. പ്രസ്തുത തുക ഗ്രാമപഞ്ചായത്തിനു ലഭിക്കുവാനുള്ള തുകയായി വാർഷിക കണക്കുകളിൽ ഉൾക്കൊള്ളിച്ചിട്ടില്ല. ടി തുക സംബന്ധിച്ച വിവരം യഥാസമയം ലഭ്യമാക്കാത്തതിനാലാണ് കണക്കിൽ ഉൾപ്പെടുത്താൻ കഴിയാതെപോയതെന്ന് മറുപടി നല്കിയിരിക്കുന്നു.

9. 10/05/19, 13/05/19, 14/05/19, 16/5/19, 17/5/19, 18/5/19, 31/5/19, 01/6/19, 3/6/19, 14/6/19, 15/6/19, 16/6/19, 18/6/19, 5/8/19, 2/9/2019,14/11/19, 3/12/19, 6/2/20, 7/2/20 തീയതികളിൽ ക്യാഷ് ബുക്കിൽ നെഗറ്റീവ് ബാലൻസ് വന്നിരിക്കുന്നു. സെൽഫ് ചെക്ക് അതേദിവസം തന്നെ കോൺട്ര എൻടി വരുത്താത്തതിനാലാണ് ക്യാഷ്ബുക്കിൽ നെഗറ്റീവ് ബാലൻസ് വന്നതെന്നും, പിന്നീടുള്ള ദിവസങ്ങളിൽ ആയത് പരിഹരിച്ചിട്ടുണ്ടെന്നും വിശദീകരണം നൽകിയിട്ടുണ്ട്.

10. Advance To Implementing Officers ഇനത്തിൽ 448871/- രൂപയും, Advance To Others ഇനത്തിൽ 1666417/- രൂപയും നൽകിയിട്ടുണ്ട്. ഇത് ഏതൊക്കെ ഇനത്തിലെ ചെലവാണ്? ഇതിൽ എത്ര തുക 2019-20 ൽ ക്രമീകരിക്കാനവശേഷിക്കുന്നുണ്ട് എന്നതിന് കൃത്യമായ മറുപടി ലഭ്യമാക്കിയിട്ടില്ല.

11. Maintenance Fund(Road) വരവ് എ.എഫ്.എസിലെ തുകയും(7751465), എ.സി.ആർ-ലെ തുകയും(8388893) പൊരുത്തപ്പെടുന്നില്ല

12. റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് സൂക്ഷിക്കാത്തതിനാൽ Kerala Gramin Bank, SBI E-payment എന്നീ അക്കൌണ്ടുകളുടെ നീക്കിയിരിപ്പ് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

13. വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം ഇനത്തിലെ ചെലവ് ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം 360000/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം ചെലവ് 390000/-രൂപയാണ്. അപാകതയ്ക്ക് മറുപടി നൽകിയിട്ടില്ല.

14. State Sponsored Schemes- Pre-primary Education To ST Children ഇനത്തിൽ 12500/- രൂപ വരവുണ്ട് എന്നാൽ ഇത് സംബന്ധിച്ച യാതൊരു രേഖയും പരിശോധയ്ക്ക് ലഭ്യമാക്കിയില്ല. തുകയുടെ ഉദ്ദേശ്യം, നല്കിയ ഏജൻസി, നീക്കി ബാക്കി എന്നിവ സംബന്ധിച്ച കൃത്യമായ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

15. എം.എൻ.ആർ.ഇ.ജി.എസ്-ക്യാഷ് ബുക്ക് പ്രകാരമുള്ള തുകയും, വാർഷികധനകാര്യപത്രിക പ്രകാരമുള്ള തുകയും

പൊരുത്തപ്പെടുന്നില്ല.

| | മുന്നിരിപ്പ് | അഡ്. വരവ് | അഡ്. ചെലവ് | നീക്കിയിരിപ്പ് | ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് |
|---|---|---|---|---|---|
| ക്യാഷ്ബുക്ക് പ്രകാരം | 17608 | 4244805 | 3802908 | 459505 | 75980000 |
| എ.എഫ്.എസ് പ്രകാരം | 13952 | 4242805 | 3802908 | 457505 | 73273344 |

ഓപ്പണിംഗ് ബാലൻസിൽ ഉള്ള വ്യത്യാസം 2018-19 ൽ 4100/- രൂപ വരവായും, 344/- രൂപ ചെലവായും ചേർക്കാൻ വിട്ടുപോയതിന്റെ വ്യത്യാസമാണെന്നും, നീക്കിയിരിപ്പിലെ വ്യത്യാസം ബാങ്കിൽ നിന്നും തുക തിരികെ വന്നത് അടുത്ത സാമ്പത്തിക വർഷം ബാങ്ക് നേരിട്ട് ക്ലിയർ ചെയ്തതുമാണെന്ന് വിശദകരണം നൽകിയിരിക്കുന്നു.

16. RP-26 പ്രകാരം Prior Period Item ഇനത്തിൽ (-)15852 ചെലവുള്ളതായി കാണിച്ചിരിക്കുന്നു. ഇപ്രകാരം Negative ചെലവ് രേഖപ്പെടുത്തിയതിന്റെ കാരണം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല.

17. Rent Collection രജിസ്റ്ററിലെ തുകയും (89266), എ.എഫ്.എസ് പ്രകാരമുള്ള തുകയും (69286) പൊരുത്തപ്പെടുന്നില്ല.

18. Grant For Festival ഇനത്തിലെ വരവ് രജിസ്റ്ററും, ലഭ്യമാക്കിയ രേഖകളും പ്രകാരം 142000/- രൂപയാണ്. എന്നാൽ എ.എഫ്.എസ് പ്രകാരം ഈ ഇനത്തിലെ വരവ് 132000/- രൂപയാണ്.

19. വാർഷിക ധനകാര്യപത്രിക പ്രകാരം മാർക്കറ്റ് റസീപ്റ്റ് ഇനത്തിൽ തൻവർഷം വരവില്ല. ബാലൻസ് ഷീറ്റ് പ്രകാരം 139000/- രൂപ ഈ ഇനത്തിൽ ലഭിക്കാനുമുണ്ട്. എന്നാൽ രജിസ്റ്റർ പരിശോധിച്ചതിൽ ഈ ഇനത്തിൽ തൻവർഷം 75750/-രൂപ (രസീത് നം. 119020102334/18.3.2020) ലഭിച്ചിട്ടുണ്ട്.

20. Beneficiary Contribution ഇനത്തിൽ കൃഷി ഓഫീസറും, വെറ്ററിനറി സർജനും തൻവർഷം തുക പിരിച്ചെടുത്തിട്ടുണ്ടെങ്കിലും ഇത് സംബന്ധിച്ച വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ബാലൻസ് ഷീറ്റ് പ്രകാരം ഈ ഇനത്തിൽ 368700/-രൂപ ബാക്കി നിൽക്കുന്നുണ്ട്. ഇത് ഏത് പ്രോജക്ട് പ്രകാരമുള്ളതാണെന്നും, ആയത് ചെലവഴിച്ചിട്ടുണ്ടോയെന്നുമുള്ള വിശദാംശം ആവശ്യപ്പെട്ടതിന് ലെഡ്ജർ പരിശോധിച്ച് മറുപടി സമർപ്പിക്കാമെന്നാണ് മറുപടി ലഭ്യമാക്കിയത്. വിഷയത്തിൽ വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

21. ഗ്രാമപഞ്ചായത്തിലെ ദിവസവേതന, പാർട്ട് ടൈം , കരാർ ജീവനക്കാർ, ജനപ്രതിനിധികളുടെ ഓണറേറിയം, സിറ്റിംഗ് ഫീസ് എന്നിവരുടെ മാർച്ച് 2020ലെ ചെലവുകൾക്ക് ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. ഹെഡ് ഇല്ലാത്തതിനാലാണ് പ്രൊവിഷൻ രേഖപ്പെടുത്താൻ കഴിയാത്തതെന്ന് വിശദീകരണം നൽകിയിട്ടുണ്ട്.

22. വാർഷികകണക്കുകൾക്കൊപ്പം അനുപാതങ്ങൾ (Ratios ) ഉൾപ്പെടുത്തിയിട്ടില്ല

23. വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റിൽ (B-14 Stock In Hand (Inventories)) ഉൾപ്പെടുത്തിയിട്ടില്ല. മൂല്യനിർണ്ണയം നടത്തുന്നത് സംബന്ധിച്ച് കൃത്യമായ സർക്കാർ നിർദ്ദേശം ലഭിച്ചിട്ടില്ലായെന്ന് മറുപടി നൽകിയിട്ടുണ്ട്.

24. ഡെപ്പോസിറ്റ് വർക്ക് -തുകകളിൽ ചുവടെ ചേർക്കുംപ്രകാരം വ്യത്യാസം നിലനിൽക്കുന്നു.

| ഏജൻസി | നൽകിയ തുക | | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് | | വിനിയോഗിക്കാൻ ബാക്കിയുള്ള തുക | |
|---|---|---|---|---|---|---|
| | എ.എഫ്.എസ് പ്രകാരം | ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ്/ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം | എ.എഫ്.എസ് പ്രകാരം | ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ്/ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം | എ.എഫ്.എസ് പ്രകാരം | ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ്/ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം കണക്കാക്കുമ്പോൾ വരേണ്ടത് |
| KSEB | 271296 | 441658 | - | 206406 | 440846 | 375956 |
| KWA | 376400 | 176400 | - | - | 1817955 | 2949886 |
| Ground Water | - | 200000 | - | - | - | 200000 |

## 1-2-2 റീകൺസിലിയേഷൻ- അപാകതകൾ

അക്കൗണ്ടുകളുടെ ലഭ്യമാക്കിയ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല. അക്കൌണ്ടുകളുടെ റീകൺസിലിയേഷൻ തയ്യാറാക്കുന്നതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

I. എസ്.ബി.ഐ അക്കൌണ്ട്- ലഭിക്കാനുള്ള തുക സംബന്ധിച്ച് വ്യക്തതയില്ല.

എസ്.ബി.ഐ അക്കൌണ്ടിന്റെ 31.03.2020 ലെ നീക്കിയിരിപ്പ് ബാങ്ക്ബുക്ക് പ്രകാരം 695954/-രൂപയാണ്. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റിൽ 227351/-രൂപ മാത്രമേ നീക്കിയിരിപ്പുള്ളൂ. ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം വ്യത്യാസം കൃത്യമായി വിശദീകരിച്ചിട്ടില്ല.

Cheque Deposited But Not Collected From Bank എന്നതിൽ 115 തുകകൾ എഴുതിയിട്ടുണ്ട്. ആയതിന് ചെക്ക് നം. ഇല്ല. ഇതിൽ 16 എണ്ണം 2018 ലും, 60 എണ്ണം 2019 ൽ കളക്ട് ചെയ്ത തുകകളുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

Cheque Issued But Not Presented Into Bank എന്ന ശീർഷകത്തിൽ 7 തുകകൾ ഉണ്ട്. ഇതിലും 2018 ലേയും, 2019ലേയും തുകകളാണെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

Cheque Deposited But Not Collected From Bank എന്ന ശീർഷകത്തിലും, Cheque Issued But Not Presented Into Bank എന്ന ശീർഷകത്തിലും ഒരേ ചെക്ക് നമ്പർ ഉൾപ്പെടുത്തിയിട്ടുണ്ട് (22.01.2020 നുള്ള ചെക്ക് നം.417597).

Ii. റീകൺസിലിയേഷൻ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

Kerala Gramin Bank, SBI E-payment എന്നീ അക്കൌണ്ടുകളുടെ 2019-20ലെ റീകൺസിലിയേഷൻ വിശദാംശം, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

Iii. നൽകി മൂന്നുമാസമായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല

ഉദാ. SCB അക്കൌണ്ടിൽ നിന്ന് നൽകിയ ചെക്ക് നം. 6192/16.10.2019, 6161/5.9.2019, 3177/15.7.209

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് (എൻക്വയറി നം.22) മറുപടി ലഭ്യമാക്കിയില്ല. അപാകതകയ്ക്ക് വിശദീകരണം നൽകേണ്ടതും, അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-2-3 അക്കൌണ്ടിലേക്ക് ലഭിക്കുന്ന തുക- ഉറവിടം വ്യക്തമല്ല

RP-10 പ്രകാരം Miscellaneous Receipts ഇനത്തിൽ 373786/-രൂപ വരവായി കാണിച്ചിരിക്കുന്നു. ഇത് ഏത് ഇനത്തിലെ വരവാണെന്നോ, എവിടെ നിന്ന് ലഭിച്ചു എന്നത് സംബന്ധിച്ചോ ഗ്രാമപഞ്ചായത്തിന് വ്യക്തതയില്ല. ലഭിച്ച തുക തനത് ഫണ്ട് അക്കൌണ്ടിലേക്ക് വരവ് വച്ചിരിക്കുകയാണ്.

ഓൺലൈനായി ബാങ്ക് അക്കൌണ്ടിൽ ലഭിക്കുന്ന തുകയുടെ ഉറവിടം കണ്ടെത്താൻ കഴിയാത്ത സാഹചര്യങ്ങളിലാണ് ടി തുക മിസ്സലേനിയസ് റസീപ്റ്റ് ഹെഡിൽ ഉൾപ്പെടുത്തിയെന്ന് ഓഡിറ്റ് എൻക്വയറിക്ക്(നം.7) മറുപടി നൽകി. തുകയുടെ വിശദാംശം ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-2-4 അഡ്വാൻസ് തുക ക്രമീകരിച്ചിട്ടില്ല

ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ ബാലൻസ് ഷീറ്റ് പ്രകാരം 15000/- രൂപ ക്രമീകരിക്കാനവശേഷിക്കുന്നുണ്ട്.

ശ്രീ.സാംജി, ഹെഡ്ക്ലാർക്ക് കടന്നപ്പള്ളി ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറ്റം ലഭിച്ചു പോയതിനാൽ ടിയാളുടെ ഫെസ്റ്റിവൽ അഡ്വാൻസ് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയെന്നാണ് വിശദീകരണം നൽകിയിട്ടുള്ളത്. കടന്നപ്പള്ളി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് തുക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-2-5 സർക്കാരിലേക്ക് ഒടുക്കേണ്ട തുക ഒടുക്കിയതിന്റെ വിശദാംശങ്ങൾ

I. CMRDF ഇനത്തിൽ 2019-20 ൽ ജീവനക്കാരിൽ നിന്നും 103796/-രൂപ കളക്ട് ചെയ്യുകയും, തുക സർക്കാരിൽ ഒടുക്കിയതായും ഓഡിറ്റ് എൻക്വയറിക്ക് (നം.7) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ തുക ഈടാക്കിയതിന്റെയോ, ആയത് ഒടുക്കിയതിന്റേയോ വിശദാംശം ഓഡിറ്റിന് ലഭ്യമാക്കിയില്ല. പ്രസ്തുത തുക ഈടാക്കി ഒടുക്കിയത് പരിശോധിക്കാനാവശ്യമായ രേഖകൾ അടിയന്തിരമായി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

Ii. B-4 Schedule പ്രകാരം Donation To Flood ഇനത്തിൽ 2000/-രൂപ ഒടുക്കാനുള്ള ബാധ്യതയായി നിൽക്കുന്നു. ആയത്

നാളിതുവരെ സർക്കാരിൽ ഒടുക്കിയിട്ടില്ല.

## 1-3 ഗ്രാന്റ് വിനിയോഗം

1. 2019-20വർഷത്തെ എ.സി.ആർ. പരിശോധിച്ചതിൽ പ്ലാൻഫണ്ട് ലഭിച്ചതിന്റേയും, ചെലവഴിച്ചതിന്റേയും വിശദാംശം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | വരവ് | ചെലവ് | ലാപ്സായ തുക | |
|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 12728556 | 111892148 | 836408 | ഗ്രാന്റ് പത്രിക പ്രകാരമുള്ള ചെലവ്- 13030592/- രൂപയാണ് |
| വികസന ഫണ്ട് (SCP) | 2252294 | 693921 | 1558373 | ഗ്രാന്റ് പത്രിക പ്രകാരമുള്ള ചെലവ്- 708627/- രൂപയാണ് |
| വികസന ഫണ്ട് (TSP) | 1539588 | 1539588 | 0 | ഗ്രാന്റ് പത്രിക പ്രകാരമുള്ള ചെലവ്- 1569000/- രൂപയാണ് |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied Basic Grant) | 10599613 | 6301316 | 4298297 | |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 24339000 | 8388893 (*) | 15950107 | |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 1340700 | 3512608 | 509392 | |

(*) എ.എഫ്.എസ് പ്രകാരം ചെലവ് - 7751465/- രൂപ

2. മേഖലാവകയിരുത്തൽ- അപാകതകൾ

(എ)വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ(കൈ)നം. 11/2018/തസ്വഭവ തീയതി. 29.01.2018) ഖ. 5.4.1(10) പ്രകാരം വികസന ഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയിൽ നിന്നും ഏറ്റവും കുറഞ്ഞത് 10% വനിതഘടക പദ്ധതിയിക്ക് വകയിരുത്തേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത തോതനുസരിച്ച് വകയിരുത്തിയതിന്റെ 68% മാത്രമേ ചെലവഴിച്ചിട്ടുള്ളു.

കുടുംബശ്രീ മുഖേനയുള്ള പച്ചക്കറി കൃഷി, അലങ്കാര മത്സ്യകൃഷി യൂണിറ്റ് എന്നീ പദ്ധതികളിലെ ചെലവ് ശതമാനത്തിൽ കുറവ് വന്നതാണ് വതിനാ ഘടക പദ്ധതിയിൽ ചെലവ് കുറയുന്നതിന് കാരണമായതെന്ന് വിശദീകരണം നൽകുകയുണ്ടായി.

(ബി)മാർഗ്ഗരേഖ ഖ. 6.1, 6.2 എന്നിവ പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ ഉപപദ്ധതിവിഹിതം പാഴാക്കാൻ പാടില്ല എന്നിരിക്കെ പട്ടികജാതി ഉപപദ്ധതിക്കായി ലഭിച്ച 70% തുക പാഴാക്കിയിരിക്കുന്നു. കൂടുതൽ തുകയും ഭവനപുനരുദ്ധാരണ പദ്ധതിക്കായാണ് വകയിരുത്തിയതെന്നും, ടി ഗുണഭോക്താക്കൾ യഥാസമയം കരാറിലേർപ്പെടുന്നതിനും, പ്രവൃത്തി പൂർത്തീകരിച്ച് തുക കൈപ്പറ്റുന്നതിനും കാലതാമസം നേരിടുന്നതാണ് ചെലവ് ശതമാനം കുറയാൻ കാരണമെന്നാണ് മറുപടി നൽകിയിട്ടുള്ളത്.ഖണ്ഡിക 5.4.1(11) (ബി)ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് (സി) 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡേഴ്സ് എന്നിവരുടെ വികസനത്തിനായി വകയിരുത്തണം. മേൽ ഉത്തരവു പ്രകാരം തുക വകയിരുത്തിയിട്ടുണ്ടെങ്കിലും പൂർണ്ണമായും ചെലവഴിച്ചതായി കാണുന്നില്ല.

ജില്ലാപഞ്ചായത്ത് സംയുക്ത പദ്ധതിയായ ശിശുസൌഹൃദ പഞ്ചായത്ത് പ്രവർത്തനങ്ങൾ എന്ന പദ്ധതി യഥാസമയം നടപ്പാവാത്തതിനാലാണ് തുക ചെലവഴിക്കാൻ സാധിക്കാത്തതെന്ന് മറുപടി നൽകിയിരിക്കുന്നു.

(ഡി) ബാലൻസ്ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം പ്രത്യേകആവശ്യങ്ങൾക്കായി ലഭിച്ച ഫണ്ടുകൾ മുൻവർഷം ചെലവഴിക്കാത്തത് തൻവർഷവും ചെലവഴിക്കാതെ അവശേഷിക്കുന്നു.

| ഫണ്ടിനം | തുക |
|---|---|
| 320100121- ICDS | 584919 |
| 320100317- Grant For Drinking Water Scheme | 8616 |
| 320200322- Grant From Suchitwa Mission | 1197185 |
| 320300199- Grant For Specific Purpose | 253570 |
| 320700104- Grant For Cap. Ex.(BP) | 2023 |
| 320700204- Grant For Rev. Ex.(BP) | 776563 |
| 320700205- Grant For Rev. Ex.(DP) | 412969 |
| 320700404- Grant For Rev. Ex.(BP) | 69618 |
| 320800299- Donation To Flood | 2000 |
| 320900101 -Nirmal Puraskar | 3830 |
| 320900399 – Other Awards And Honours | 10000 |

തുകകൾ ചെലവഴിക്കാത്തപക്ഷം തിരികെ ഒടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

5. മേഖലാ വകയിരുത്തലുകളിലെ ചെലവ് ശതമാനം ചുവടെ ചേർക്കുന്നു. ഇതിൽ പട്ടികജാതി മേഖലയിലെ ചെലവ് ശതമാനം വളരെ കുറവാണ്.

| ഫണ്ടിനം | മേഖല | വകയിരുത്തിയതുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|
| പൊതു വിഭാഗം | ഉല്പാദനം | 3382050 | 2511789 | 74% |
| | സേവനം | 11501644 | 9899303 | 86% |
| | പശ്ചാത്തലം | 521500 | 519500 | 99.6% |
| പട്ടിക ജാതി വിഭാഗം | സേവനം | 2178806 | 708627 | 33.2% |
| | പശ്ചാത്തലം | 287000 | 0 | 0% |
| പട്ടിക വർഗ്ഗ വിഭാഗം | സേവനം | 1223462 | 1017906 | 83% |
| | പശ്ചാത്തലം | 555150 | 551094 | 99% |

പട്ടികജാതി വിഭാഗം പശ്ചാത്തല മേഖലയിൽ വകയിരുത്തിയ പ്രോജക്ട് നം. 80/20 പൂർത്തീകരിച്ചത് കൃൂബില്ലായതിനാൽ 2020-21 ൽ ചെലവഴിച്ചിട്ടുണ്ടെന്ന് മറുപടി നൽകി.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ച പദ്ധതികൾ (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതിച്ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 203 | 79557559/- രൂപ | 141 | 35449490/-രൂപ | 44.56 |

പദ്ധതികൾ ആസൂത്രണം ചെയ്ത ശേഷം നടപ്പാക്കാതിരിക്കുന്നത് ഫണ്ട് നഷ്ടപ്പെടാനിടയാക്കുന്നു. പദ്ധതികൾ സ്പിൽ ഓവർ ആയി നടപ്പാക്കപ്പെടുമ്പോൾ ജനങ്ങൾക്കാവശ്യമായ സേവനം വൈകുകയാണ് ചെയ്യുന്നതെന്ന വസ്തുത പരിഗണിച്ച് അതത് വർഷം തന്നെ പദ്ധതികൾ പൂർണ്ണമായും നിർവ്വഹണം നടത്താൻ നടപടികൾ കൈക്കൊള്ളേണ്ടതാണ്. പദ്ധതികൾ ആവിഷ്കരിച്ചശേഷം നടപ്പാക്കാതിരിക്കുന്നത് ഓഡിറ്റ് ഗൌരവത്തിലെടുക്കുന്നു. പദ്ധതിപ്പണം പാഴാകുന്നില്ലെന്ന് ഉറപ്പാക്കാൻ പഞ്ചായത്ത് കമ്മിറ്റി ശ്രമിക്കേണ്ടതാണ്. പദ്ധതികൾ നടപ്പാക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടെങ്കിൽ പകരം പുതിയ പദ്ധതികൾ ആസൂത്രണം ചെയ്ത് നിർവ്വഹണം നടത്താൻ ശ്രമിക്കേണ്ടതാണ്.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ടിലെ പരാമർശിത അതീവ

ഗുരുതര, ഗുരുതര പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാകും വിധം പദ്ധതികൾ ആസൂത്രണം ചെയ്യാൻ ശ്രമിക്കേണ്ടതാണ്.

പദ്ധതി മാർഗ്ഗരേഖ ആവശ്യപ്പെടും വിധം പദ്ധതി ആസൂത്രണം ചെയ്തുകഴിഞ്ഞ് വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി മാറണം. പദ്ധതികളുടെ നിർവ്വഹണം നിലവിൽ മോണിറ്ററിംഗിന് വിധേയമാകുന്നില്ല. പദ്ധതികൾ നടപ്പാക്കാതിരിക്കുന്നതിനും സ്പിൽ ഓവർ ആകുന്നതിനും നിർവ്വഹണത്തിൽ അപാകങ്ങൾ സംഭവിക്കുന്നതിനും മോണിറ്ററിംഗ് കമ്മിറ്റികളുടെ നിർജ്ജീവാവസ്ഥ കാരണമാകുന്നു. ആയതിനാൽ ഇത് അതീവ ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. അടിയന്തരമായി ഇത് പരിഹരിക്കാനാവശ്യമായ നടപടികൾ പഞ്ചായത്ത്കമ്മിറ്റിയുടെ മേൽനോട്ടത്തിൽ നടപ്പാക്കേണ്ടതാണ്.

ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സംവിധാനം കുറ്റമറ്റതാക്കേണ്ടതുണ്ട്. ഏറ്റവും അർഹരായവർക്ക് തന്നെയാണ് ആനുകൂല്യം ലഭ്യമാകുന്നതെന്ന് ഉറപ്പാക്കാനുതകുന്ന നടപടിക്രമം പദ്ധതി മാർഗ്ഗരേഖയുടെ ഖണ്ഡിക 11.3 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ നടപടിക്രമം കർശനമായി പാലിക്കേണ്ടതും ആയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

പ്രൊക്യൂവർമെന്റ് നടപടിക്രമത്തിലെ പാളിച്ചകൾ ഒഴിവാക്കേണ്ടതും സ്റ്റോർ പർച്ചേസ് മാന്വൽ നിഷ്കർഷിക്കും വിധം നടപ്പാക്കേണ്ടതുമാണ്.

## 1-5 ക്ഷേമ പദ്ധതി

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 201720 | 237 |
| കർഷക തൊഴിലാളി പെൻഷൻ | 1461600 | 273 |
| വിധവ പെൻഷൻ | 5001000 | 926 |
| വാർദ്ധക്യകാല പെൻഷൻ | 5840700 | 1448 |
| വികലാംഗ പെൻഷൻ | 1373500 | 254 |
| വിവാഹ ധന സഹായം | 360000 | 12 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 63600 | 14 |

## 1-6 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29-10-21 4pm.ന് പഞ്ചായത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1131/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

- ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ട്, പ്രധാന നികുതിയിനങ്ങളായ വസ്തുനികുതി, തൊഴിൽ നികുതി എന്നിവയുടെ ശേഖരണത്തിൽ കൃത്യതയും പൂർണതയും പുലർത്തേണ്ടതുണ്ട്.
- ഗ്രാമപഞ്ചായത്ത് പൗരാവകാശ രേഖ കാലികമായി പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചിട്ടില്ല.
- ആസ്തി രജിസ്റ്ററിൽ എല്ലാ ആസ്തികളും ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടില്ല. ആസ്തികൾ മൂല്യ നിർണ്ണയം നടത്തി സാംഖ്യയിൽ അക്കൗണ്ട് ചെയ്തിട്ടില്ല
- വാഹനത്തിന്റെ ഇന്ധനക്ഷമത പരിശോധന നടത്തിയിട്ടില്ല. മെയിന്റനൻസ് രജിസ്റ്റർ, ഇന്ധന രജിസ്റ്റർ എന്നിവ പരിപാലിക്കുന്നില്ല. (ഖ:1-28)

- വാർഷിക ധനകാര്യപത്രികയും ബജറ്റും തയ്യാറാക്കുന്നതിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്.
- തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കാവുന്ന പെറ്റി വർക്കുകൾ കോൺട്രാക്ട് നല്കി നടപ്പാക്കുന്നു. ഉദാ- പൊതു ഓടകളിലെ മാലിന്യം നീക്കം ചെയ്യൽ : 18000/-രൂപ വൗ.നം.21900040/17-04-19 ചെക്ക് നം. 3155/17-04-19
- പഞ്ചായത്ത് ജീവനക്കാരുടെ ഫെസ്റ്റിവൽ മുൻകൂർ ക്രമീകരിക്കാനവശേഷിക്കുന്നു (ഖ.1-2-4)
- കരാറുക്കാരിൽനിന്നും ടി.ഡി.എസ് ഈടാക്കുന്നില്ല. (ഖ.1-8-1)

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 13952 (*1) | 2196805 | 2210757 | 1756908 | 457505 (*1) (ആകെ വരവ്, ചെലവ് എന്നിവ കണക്കാക്കുമ്പോൾ നീക്കിയിരിപ്പ് വരേണ്ടത് 453849/- രൂപയാണ്. ) |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 75319344 (*2) | 75319344 | 75319344 | 0 |

(*1) ക്യാഷ്ബുക്ക് പ്രകാരം മുന്നിരിപ്പ് 17608/-രൂപയും, നീക്കിയിരിപ്പ് 459505/-രൂപയുമാണ്.

(*2) ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം ഈ ഇനത്തിലെ വരവ് 75980000/-രൂപയാണ്.

അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

### 1-8-1 സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ട ടി.ഡി.എസ് ഈടാക്കിയിട്ടില്ല-

2019-20 വർഷം അഞ്ച് മെറ്റീരിയൽ പ്രവർത്തികളാണ് നടപ്പാക്കിയിട്ടുള്ളത്. 2019-20 ൽ മെറ്റീരിയൽ പ്രവൃത്തികൾക്ക് കരാറുകാർക്ക് നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| കരാറുകാരൻ | പ്രവൃത്തിയുടെ പേര് | സാധനസാമഗ്രികൾക്ക് നൽകിയ തുക | ബോർഡിന് നൽകിയ തുക |
|---|---|---|---|
| 1. ശ്രീ.രഞ്ചുലാൽ | നടുവിലത്തോട്ടം- കാണിക്കോണം തോട് ബണ്ട് സംരക്ഷണം | 102398 | |
| | മൈലക്കരമുതൽ ശിവക്ഷേത്രം വരെ ബണ്ട് നിർമ്മാണം | 393149 | |
| | കൊഞ്ഞാർ- പടപ്പറ റോഡ് നിർമ്മാണം | 360846 | |
| | ഇടത്തറ- പെരുങ്കുളങ്ങര റോഡ് നിർമ്മാണം | 342815 | |
| | മങ്കുഴി മുതൽ മങ്കാരമുട്ടം വരെ ഓട നിർമ്മാണം | 260727 | |
| ആകെ | | 1459935 | |

| കരാറുകാരൻ | പ്രവൃത്തിയുടെ പേര് | സാധനസാമഗ്രികൾക്ക് നൽകിയ തുക | ബോർഡിന് നൽകിയ തുക |
|---|---|---|---|
| 2. ശ്രീമതി സൌമ്യ ബി.യു | മൈലക്കരമുതൽ ശിവക്ഷേത്രം വരെ ബണ്ട് നിർമ്മാണം | | 4900 |
| | ഇടത്തറ- പെരുങ്കുളങ്ങര റോഡ് നിർമ്മാണം | | 4900 |
| | മങ്കുഴി മുതൽ മങ്കാരമുട്ടം വരെ ഓട നിർമ്മാണം | | 4900 |
| | മണ്ണ് ജലസംരക്ഷണ പ്രവൃത്തികൾ | | 319000 |
| | ആകെ | | 333700 |

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2,50,000 രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. എന്നാൽ മേൽ കരാറുകാരിൽ നിന്നും ടി.ഡി.എസ് തുക കുറവ് ചെയ്ത് അടച്ചിട്ടില്ല.

കരാറുകാരനിൽ നിന്നും ടി.ഡി.എസ്. ഈടാക്കിയില്ലായെന്നാണ് മറുപടി ലഭ്യമാക്കിയത്. ടി.ഡി.എസ് ഈടാക്കി അടവാക്കിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18/12/2019 | 01/10/19 – 31/10/19 | 18/12/19 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30/01/2020 | 2014-15 To 2018-19 | 11/03/2020 |

## 1-10 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച

തൊഴിൽ നികുതി സംബന്ധമായ രേഖകളുടെ പരിശോധനയിൽ പോസ്റ്റ് ഓഫീസ്, മൈലക്കര, സി. ഡി. എസ് കുടുംബശ്രീ എന്നീ ഓഫീസുകളിലെ ജീവനക്കാരിൽ നിന്നും 2019-2020 സാമ്പത്തിക വർഷത്തെ രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി പിരിച്ചെടുക്കാൻ പഞ്ചായത്തിനു കഴിഞ്ഞിട്ടില്ല. തൊഴിൽ നികുതി ഒടുക്കുന്നതിന് വീഴ്ച വരുത്തിയ സ്ഥാപനത്തിന്റെ മേൽ കേരള പഞ്ചായത്ത്‌രാജ് ആക്ട് സെക്ഷൻ 204, 205 എന്നിവയും 1996 ലെ കേരള പഞ്ചായത്ത്‌രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 3, 13 എന്നിവയും നിഷ്കർഷിക്കും പ്രകാരമുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

ഇതു സംബന്ധിച്ച് 29.10.2021 തീയതിയിൽ 20 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയോ ഉപോദ്ബലകമായ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. സ്ഥാപന നികുതിയും തൊഴിൽ നികുതിയും പിഴപ്പലിശ സഹിതം ഈടാക്കി തനതുഫണ്ടിൽ മുതൽക്കൂട്ടുന്നതിനുള്ള ഊർജ്ജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-11 തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 2019-2020 സാമ്പത്തിക വർഷത്തെ വരവ് സംബന്ധമായ രേഖകളുടെ പരിശോധനയിൽ ചില ബാങ്കിംഗ്/ധനകാര്യ സ്ഥാപനങ്ങൾ, കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും തൻവർഷത്തെ സ്ഥാപന നികുതിയും ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനങ്ങളുടെ പേര് | തൊഴിൽ നികുതി ഒടുക്കാത്ത അർദ്ധവർഷം | സ്ഥാപന നികുതി ഒടുക്കാത്ത അർദ്ധവർഷം |
|---|---|---|
| അഭിനിധി ഹോസ്പിറ്റൽ | രണ്ടാം അർദ്ധവർഷം | ഒന്നും രണ്ടും അർദ്ധവർഷം |
| ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കള്ളിക്കാട് | രണ്ടാം അർദ്ധവർഷം | ഒന്നും രണ്ടും അർദ്ധവർഷം |

| സ്ഥാപനങ്ങളുടെ പേര് | തൊഴിൽ നികുതി ഒടുക്കാത്ത അർദ്ധവർഷം | സ്ഥാപന നികുതി ഒടുക്കാത്ത അർദ്ധവർഷം |
|---|---|---|
| വിമൻസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കള്ളിക്കാട് | രണ്ടാം അർദ്ധവർഷം | ഒന്നും രണ്ടും അർദ്ധവർഷം |
| സർവ്വീസ് സഹകരണ ബാങ്ക്, കള്ളിക്കാട് | ഒന്നും രണ്ടും അർദ്ധവർഷം | ഒന്നും രണ്ടും അർദ്ധവർഷം |
| കള്ളിക്കാട് സർവ്വീസ് സഹകരണ ബാങ്ക്, കണ്ടംതിട്ട | ഒന്നും രണ്ടും അർദ്ധവർഷം | ഒന്നും രണ്ടും അർദ്ധവർഷം |

തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഒടുക്കുന്നതിന് വീഴ്ച വരുത്തിയ സ്ഥാപനങ്ങളുടെ മേൽ കേരള പഞ്ചായത്ത്രാജ് ആക്ട് സെക്ഷൻ 204, 205 എന്നിവയും 1996 ലെ കേരള പഞ്ചായത്ത്രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 3, 13 എന്നിവയും നിഷ്കർഷിക്കും പ്രകാരമുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

ഇതു സംബന്ധിച്ച് 29.10.2021 തീയതിയിൽ 20 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയോ ഉപോദ്ബലകമായ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. സ്ഥാപന നികുതിയും തൊഴിൽ നികുതിയും പിഴപ്പലിശ സഹിതം ഈടാക്കി തനതുഫണ്ടിൽ മുതൽക്കൂട്ടുന്നതിനുള്ള ഊർജ്ജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-12 ഇ.എം.എസ്.ഭവനപദ്ധതിയ്ക്കായി ലഭിച്ച തുക തിരിച്ചടച്ചിട്ടില്ല

ഇ.എം.എസ്. ഭവനപദ്ധതി വിഹിതം സൂക്ഷിക്കാൻ വി.ഇ.ഒ.യുടെ പേരിലുള്ള കള്ളിക്കാട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് അക്കൌണ്ട്(A/C No.9803) പരിശോധിച്ചതിൽ 30.09.2016 ൽ 22,59,745/-രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. എന്നാൽ ഇത് വാർഷികധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല. തുകയുടെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചിലവഴിക്കാതെ നിഷ്ക്രീയ ആസ്തിയായി സൂക്ഷിക്കുന്ന തുക സർക്കാരിൽ ഒടുക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-13 സ്ഥാപന നികുതി പിരിച്ചെടുത്തിട്ടില്ല

കേരള പഞ്ചായത്ത്രാജ് ആക്ട് 1994 സെക്ഷൻ 204, 205, 1996-ലെ കേരള പഞ്ചായത്ത്രാജ് തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 4 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിലെ 2019-2020 സാമ്പത്തിക വർഷത്തെ വരവു സംബന്ധമായ രേഖകളുടെ പരിശോധനയിൽ ചില ബാങ്കിംഗ്/ധനകാര്യ സ്ഥാപനങ്ങൾ, കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും തൻവർഷത്തെ (രണ്ട് അർദ്ധവർഷത്തെയും) സ്ഥാപന നികുതി ഈടാക്കിയിട്ടില്ല. സ്ഥാപനങ്ങളുടെ പേര് ചുവടെ ചേർക്കുന്നു.

1. ഐശ്വര്യ ഫൈനാൻസ്
2. മുത്തൂറ്റ് ഫിൻ കോർപ്പ്, കള്ളിക്കാട്
3. മേരി റാണി പോപ്പുലർ നിധി ലിമിറ്റഡ്, കള്ളിക്കാട്
4. ഫെഡറൽ ബാങ്ക് ലിമിറ്റഡ്, കള്ളിക്കാട്
5. കേരള ഗ്രാമീണ് ബാങ്ക്, കള്ളിക്കാട്
6. ഫിഷറീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കള്ളിക്കാട്
7. ക്ഷീര വ്യസായ സഹകരണ സംഘം, മൈലക്കര
8. ക്ഷീര വ്യസായ സഹകരണ സംഘം, വാവോട്
9. ക്ഷീര വ്യസായ സഹകരണ സംഘം, കള്ളിക്കാട്
10. ഉത്രാടം ഫൈനാൻസ്
11. സൗത്ത് ഇന്ത്യൻ ബാങ്ക്, മൈലക്കര
12. വിഷ്ണു ഫൈനാൻസ്
13. വിഷ്ണു കല്യാണ മണ്ഡപം, പെരിഞ്ഞാംകടവ്
14. അഷ്ടമി ഫൈനാൻസ്

15. പുലരി ഹോമിയോ ക്ലിനിക്, കള്ളിക്കാട്

16. ശ്രീജ ഫൈനാൻസ്

ഇതു സംബന്ധിച്ച് 29.10.2021 തീയതിയിൽ 20 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയോ ഉപോദ്ബലകമായ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. സ്ഥാപന നികുതി പിഴപ്പലിശ സഹിതം ഈടാക്കി തനതുഫണ്ടിൽ മുതൽക്കൂട്ടുന്നതിനുള്ള ഊർജ്ജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-14 ലൈസൻസ്

1.1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ, ചട്ടം 5 പ്രകാരം ഏതൊരു വ്യാപാര സ്ഥാപനവും ആരംഭിക്കുന്നതിന് മുൻപ് ലൈസൻസിനായി അപേക്ഷിക്കേണ്ടതും ചട്ടം 10 പ്രകാരം ലൈസൻസ് ഒരോ വർഷവും പുതുക്കേണ്ടതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ വ്യാപാര സ്ഥാപനങ്ങളുടെ ലിസ്റ്റ് (ട്രേഡേഴ്സ് ലിസ്റ്റ്) കാലികമാക്കിയിട്ടില്ല . സഞ്ചയ പ്രകാരം ഗ്രാമപ്പഞ്ചായത്തു പരിധിയിൽ 838 കൊമേഴ്സ്യൽ സ്ഥാപനങ്ങളുണ്ട്. എന്നാൽ 148 സ്ഥാപനങ്ങൾക്കു മാത്രമേ FACTEOS ലൈസൻസ് അനുവദിച്ചിട്ടുള്ളൂ. മറ്റു സ്ഥാപനങ്ങളെ അനധികൃതമായി പ്രവർത്തിക്കാൻ അനുവദിച്ചതിനുള്ള കാരണം വ്യക്തമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറി നം 03/25.10.2021 ന് ലൈസൻസ് ഊർജ്ജിതമായി പിരിക്കുന്നതിന് വ്യാപാരി വ്യവസായികളുടെ സംയുക്ത യോഗവും അദാലത്തും ഫീൽഡ് പരിശോധന നടത്തി പരമാവധി ലൈസൻസ് നൽകിയിട്ടുള്ളതാണെന്നാണ് മറുപടി നൽകിയത്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232,233 വകുപ്പുകൾ പ്രകാരം ലൈസൻസ് കൂടാതെ സ്ഥാപനങ്ങളെയോ മെഷീനുകളെയോ പ്രവർത്തിക്കാൻ അനുവദിക്കാൻ പാടില്ല. ലൈസൻസ് കൂടാതെ സ്ഥാപനങ്ങളെ പ്രവർത്തിക്കാൻ അനുവദിക്കുന്നത് പഞ്ചായത്ത് പരിധിയിലെ പാരിസ്ഥിതിക ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകും. ഇക്കാര്യത്തിൽ പഞ്ചായത്ത് കമ്മിറ്റി സവിശേഷ ശ്രദ്ധ പുലർത്തേണ്ടതും ലൈസൻസ് എടുക്കാൻ സ്ഥാപനങ്ങളുടെ ഉടമസ്ഥരെ സജ്ജരാക്കേണ്ടതും ലൈസൻസ് കൂടാതെ സ്ഥാപനങ്ങളെ പ്രവർത്തിക്കാൻ അനുവദിക്കാതിരിക്കേണ്ടതുമാണ്. വാർഡ് തലത്തിൽ കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ച് എല്ലാ വ്യാപാര സ്ഥാപനങ്ങളെയും ഉൾപ്പെടുത്തികൊണ്ട് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും എല്ലാ വ്യാപാര സ്ഥാപനങ്ങളുടെയും ലൈസൻസ് ഉറപ്പാക്കേണ്ടതുമാണ്. ഇതുവഴി ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം ഉയർത്തുന്നതിന് സാധ്യമാകുമെന്നതിനാൽ ഈ വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.ലൈസൻസ് ഫീ പിരിക്കാനായി 13.05.2019ൽ കളക്ഷൻ ക്യാംപ് സംഘടിപ്പിച്ചിരുന്നു. എന്നാൽ ധാരാളം സ്ഥാപനങ്ങൾ ഇനിയും ലൈസൻസ് എടുക്കാൻ അവശേഷിക്കുന്നതിനാൽ വീണ്ടും ഒരു കളക്ഷൻ ക്യംപ് സംഘടിപ്പിക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 25.05.2019 ന് തീരുമാനിച്ചിരുന്നു (തീരുമാനം നം. III). എന്നാൽ ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 01/28.10.2021ന് 13.05.2019ൽ സംഘടിപ്പിച്ച ക്യാംപിന്റെ വിവരമാണ് ലഭ്യമാക്കിയത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 25.05.2019 ലെ IIIാം നമ്പർ തീരുമാനം നടപ്പിലാക്കിയിട്ടില്ല എന്ന് മറുപടിയിൽ നിന്ന് വ്യക്തമാകുന്നു. ആയതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കത്തക്കതല്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 166 -ാം വകുപ്പിനു കീഴിലെ മൂന്നാം പട്ടികയിലെ 19 ാം നമ്പർ പ്രകാരം ലൈസൻസ് നല്കൽ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232 -ാം വകുപ്പ് , 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നല്കുകയും സ്ഥാപനങ്ങൾ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പാക്കുകയും അപ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ പട്ടിക ആറ് പ്രകാരമുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ഇത്തരം നിർദ്ദേശങ്ങൾ പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്ത് അംഗീകരിച്ച് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3.ലൈസൻസിനുള്ള അപേക്ഷകളിലെ അപാകതകൾ

ലൈസൻസിനുള്ള അപേക്ഷകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു

1. തീയതി രേഖപ്പെടുത്താത്തവ

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ 10 ാം ചട്ടം പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസത്തിനു മുമ്പ് സമർപ്പിക്കേണ്ടതാണ്. അപേക്ഷകളിൽ തീയതി

രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ചട്ടപ്രകാരമാണോ അപേക്ഷകൾ സമർപ്പിക്കപ്പെട്ടത് എന്ന് നിർണ്ണയിക്കാനാകുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | ജിത്തു.ആർ | പിങ്ക് ലേഡീസ് ഔട്ട്ഫിറ്റ്സ് |
| 2 | പ്രദീപ്.ആർ | ശാസ്താ ടയർ പഞ്ചർ വർക്ക്സ് |
| 3 | സന്തോഷ്.എ | ഐശ്വര്യ ഫാഷൻ ജ്വലറി |
| 4 | സുരേഷ് കുമാർ കെ. | അമ്മു പ്രൊവിഷൻ |

2.അപേക്ഷയെക്കുറിച്ചുള്ള അന്വേഷണറിപ്പോർട്ട് രേഖപ്പെടുത്തിയിട്ടില്ലാത്തവ.

അപേക്ഷകളിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന്മേലാണ് ലൈസൻസ് അനുവദിക്കാമോ എന്ന് സെക്രട്ടറി തീർപ്പ് കല്പിക്കേണ്ടത്. അതിനാൽ അന്വേഷണത്തിലൂടെ സ്ഥാപനത്തിന്റെ നിജസ്ഥിതി അറിയാതെ ലൈസൻസ് അനുവദിക്കുന്ന പ്രവണത അംഗീകരിക്കത്തക്കതല്ല.

| ക്രമ നം | പേര് | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | മനു.പി.പി | ന്യൂടൈം ജെൻസ് ബ്യൂട്ടി പാർലർ |

മേൽ വിഷയത്തെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 2/ 25.10.2021 ന് ലഭിക്കുന്ന അപേക്ഷകളിൽ മുഴുവൻ വിവരവും പൂരിപ്പിച്ച് വാങ്ങുന്നതിനും,കൃത്യമായ അന്വേഷണ റിപ്പോർട്ട് രേഖപ്പെടുത്തുന്നതിനും ജീവനക്കാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും പ്രസ്തുത അപാകങ്ങൾ പരിഹരിച്ച് അപേക്ഷകൾ സ്വീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ പ്രകാരം കുറ്റമറ്റ വിധം നടപടിക്രമം പാലിച്ച് ലൈസൻസ് അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3.ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് റേഷൻ കടകൾ പ്രവർത്തിക്കുന്നു

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകൾക്ക് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. കള്ളിക്കാട് ഗ്രാമപഞ്ചായത്ത് പരിധിയിൽ 8 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. കൂടാതെ, സിവിൽ സപ്ലൈസ് ഡയറക്ടറുടെ (സി.എസ്).എ9-764/2019 നമ്പർ കത്ത് പ്രകാരം റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ്, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ, കള്ളിക്കാട് ഗ്രാമപഞ്ചായത്തിലെ റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ലെന്ന് ഓഡിറ്റ് എൻക്വയറി 03/25.10.2021-ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കാനുള്ള തുടർനടപടികൾ കൈക്കൊള്ളേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു. റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

4.ലൈസൻസ് കൂടാതെ പട്ടികളെയും പന്നികളെയും വളർത്താൻ അനുവദിക്കുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254 , കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല. ഇക്കാര്യം ഉറപ്പുവരുത്തേണ്ടത് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ പട്ടിക മൂന്നിലെ 27ാം നമ്പർ പ്രകാരം ഗ്രാമപ്പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ 1119 വളർത്തുനായകൾ ഉള്ളതായി സ്റ്റാറ്റസ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 09 വളർത്തു നായകൾക്ക് മാത്രമാണ് 2019-20 വർഷത്തേയ്ക്ക് ലൈസൻസ് നൽകിയിട്ടുള്ളത്. വളർത്തുനായ്ക്കൾക്ക് ആന്റീ റാബീസ് കുത്തിവെയ്പിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് അനുവദിക്കേണ്ടതാണ്. പന്നികൾക്ക് ലൈസൻസ് നൽകുന്നതിലും പ്രസ്തുത ചട്ടം പാലിക്കപ്പെടുന്നില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ 320 പന്നികൾ ഉള്ളതായി സ്റ്റാറ്റസ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടും അവയ്ക്കൊന്നും തന്നെ ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ഈ വീഴ്ചയ്ക്ക് കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.33/30.10.2021ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാൻ പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

## 1-15 മൊബൈൽ ടവറുകളുടെ വസ്തുനികുതി പിരിച്ചെടുക്കുന്നില്ല

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി പിരിച്ചെടുക്കുവാൻ സാധിച്ചിട്ടില്ല. 2019-20 സാമ്പത്തിക വർഷം വരെ ബി.എസ്.എൻ.എൽ ടവറിന്റെ വസ്തുനികുതി കുടിശ്ശിക 16726/-രൂപയാണ്. ടവർ പ്രവർത്തിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി ചട്ടങ്ങൾ പ്രകാരം കണക്കാക്കിയ തുകയാണ് മൊബൈൽ ടവർ കമ്പനികൾ നികുതിയായി പഞ്ചായത്തിൽ ഒടുക്കേണ്ടത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| മൊബൈൽ ടവറിന്റ പേരും മേൽവിലാസവും | വാർഡ് നമ്പർ | കെട്ടിട നമ്പർ | കുടിശ്ശിക തുക | കുടിശ്ശിക കാലയളവ് |
|---|---|---|---|---|
| റിലയൻസ് ഇൻഫ്രാടെക് ലിമിറ്റഡ്, എസ്.എ റോഡ്, കടവന്ത്ര | 04 | 260 | 13073 | 2019-20 |
| റിലയൻസ് കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡ്, കടവന്ത്ര | 13 | 27 | 3653 | 2019-20 |

ഇതു സംബന്ധിച്ച് 28.10.2021 ൽ നൽകിയ 16 നമ്പർ ഓഡിറ്റ് എൻക്വയറിക്ക ലഭ്യമാക്കിയ മറുപടിയിൽ റവന്യൂ റിക്കവറി നടപടികൾ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മൊബൈൽ ടവറുകളുടെ വസ്തുനികുതി ഇനത്തിൽ ലഭിക്കേണ്ട നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്നും സത്വര നടപടികൾ ഉണ്ടാകേണ്ടതാണ്.

## 1-16 തൊഴിൽ നികുതി ഡിമാന്റ് നോട്ടീസ് നൽകിയിട്ല്ല

വിവിധ വാർഡുകളിലെ വ്യാപാരികൾക്ക് 2019-2020 സാമ്പത്തിക വർഷത്തെ (രണ്ട് അർദ്ധവർഷത്തെയും) തൊഴിൽ നികുതി ആവശ്യപ്പെട്ടുകൊണ്ട് നൽകിയ നിർദ്ദിഷ്ട രീതിയിലുള്ള ഡിമാന്റ് നോട്ടീസിന്റെ/ബില്ലിന്റെ ഡ്യൂപ്ലിക്കേറ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. 29.10.2021ൽ 20ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറി പ്രകാരം പ്രസ്തുത രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും ആയത് ഓഡിറ്റിനു ലഭ്യമാക്കുകയോ മറുപടി നൽകുകയോ ചെയ്തിട്ടില്ല. അതിനാൽ തൻവർഷം വ്യാപാരികളിൽ നിന്നും വരുമാനം/ടേൺ ഓവറിന്റെ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഡിമാന്റ് നോട്ടീസ്/ബില്ലിന്റെ ഡ്യൂപ്ലിക്കേറ്റിൽ കൈപ്പറ്റിയ വ്യക്തിയുടെ ഒപ്പും തീയതിയും നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

1996 ലെ കേരള പഞ്ചായത്ത്‌രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10(1) പ്രകാരം തൊഴിൽ നികുതി ഈടാക്കാവുന്ന വരുമാനം/ടേൺ ഓവർ കാണിക്കുന്ന റിട്ടേൺ സമർപ്പിക്കുവാൻ വ്യക്തികൾ/വ്യാപാരികൾ/കമ്പനികൾക്ക് നോട്ടീസ് നൽകേണ്ടതാണ്. ചട്ടം18(1) പ്രകാരം തൊഴിൽ നികുതിയായി നിശ്ചയിക്കപ്പെട്ട തുക ഡിമാന്റ് ചെയ്യേണ്ടതാണ്. തൊഴിൽ നികുതി ചട്ടങ്ങൾ നിഷ്കർഷിക്കും പ്രകാരമുള്ള ഡിമാന്റ് ചെയ്യലിന്റെ അഭാവം നിമിത്തം നികുതി വരുമാനം ലഭിക്കാത്തതോ കുറയുന്നതോ കാലഹരണപ്പെടുന്നതോ ആയ സ്ഥിതിവിശേഷം സംജാതമായാൽ അത്തരത്തിലുണ്ടാകുന്ന വരുമാന നഷ്ടങ്ങളുടെ ബാദ്ധ്യത ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമായിരിക്കും.

## 1-17 റേഷൻ കടകളിൽനിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

വിവിധ വാർഡുകളിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽനിന്നും 2019-2020 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പിരിച്ചെടുത്തിട്ടില്ല. ഇത് തനതുഫണ്ടിന്റെ വരുമാന ശോഷണത്തിനു കാരണമാകുന്നു. ഓഡിറ്റിനു ഹാജരാക്കിയ വ്യാപാരികളുടെ ലിസ്റ്റിൽ റേഷൻ കടകൾ ഉൾപ്പെട്ടു കാണുന്നില്ല. കേരള സംസ്ഥാന സിവിൽ സപ്ലൈസ് കമ്മീഷണറുടെ 21.01.2019 ലെ (CS)A9-764/19 നം. ഉത്തരവു പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഒടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

ഇതു സംബന്ധിച്ച് 29.10.2021 തീയതിയിൽ 20 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയോ ഉപോദ്ബലകമായ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. വ്യാപാരികളുടെ ലിസ്റ്റ് തയ്യാറാക്കുമ്പോൾ റേഷൻ കടകളുടെ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതും കൃത്യമായ ഡിമാന്റ് നോട്ടീസിലൂടെ തൊഴിൽ നികുതിയിനത്തിൽ ലഭിക്കേണ്ട വരുമാനം ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-18 വിമുക്ത ഭടന്മാരായ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

2019-2020 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി സംബന്ധമായ അർദ്ധ വാർഷിക വരുമാന പത്രികകളുടെ പരിശോധനയിൽ വിമുക്ത ഭടന്മാരായ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതായി ഓഡിറ്റ് കണ്ടെത്തിയിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ജീവനക്കാരുടെ | സ്ഥാപനത്തിന്റെ | അർദ്ധ | ഏത് | ഈടാക്കേണ്ട | അഭിപ്രായ കുറിപ്പ് |
|---|---|---|---|---|---|

| പേരും ഉദ്യോഗപ്പേരും | പേര് | വാർഷിക വരുമാനം | അർദ്ധ വർഷം എന്നത് | തൊഴിൽ നികുതി | |
|---|---|---|---|---|---|
| ശ്രീ. ഗോപിനാഥൻ പിള്ള (മെയിൽ വാർഡൻ) | KICMA | 60000/- | രണ്ടാം അർദ്ധ വർഷം | 600/- | |
| ശ്രീ.പ്രദ്യുമ്നൻ (സെക്യൂരിറ്റി) | KICMA | ------- | രണ്ടാം അർദ്ധ വർഷം | ------- | അർദ്ധ വാർഷിക വരുമാന പത്രികയിൽ പേര് ഉൾപ്പെട്ടിട്ടുണ്ടെങ്കിലും വരുമാനം രേഖപ്പെടുത്തിയിട്ടില്ല. |

മേൽ പ്രസ്താവിച്ച രണ്ടു ജീവനക്കാരുടേയും തൊഴിൽ നികുതി എത്രയും പെട്ടെന്ന് പിഴപ്പലിശ സഹിതം ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി മാറുന്നതാണ്.

ഇതു സംബന്ധിച്ച് 29.10.2021 തീയതിയിൽ 20 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയോ ഉപോദ്ബലകമായ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. തനത് വരുമാനത്തിന്റെ പ്രധാന സ്രോതസ്സായ തൊഴിൽ നികുതി വരുമാനം യഥാസമയം ഡിമാന്റ് ചെയ്ത് കൃത്യമായി പിരിച്ചെടുക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതാണ്.

## 1-19 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് - പഞ്ചായത്തിനു വരുമാന നഷ്ടം

വിവിധ സ്ഥാപനങ്ങളിലെ/ഓഫീസുകളിലെ ജീവനക്കാരിൽ നിന്നും 2019-20 സാമ്പത്തിക വർഷം ഈടാക്കിയ തൊഴിൽ നികുതി നിർദ്ദിഷ്ട നിരക്കുകളേക്കാൾ കുറവാണെന്നു കാണുന്നു. അർദ്ധ വാർഷിക വരുമാനത്തിന് ആനുപാതികമായി ഈടാക്കിയ നികുതി "തൊഴിൽ നികുതി തിട്ടപ്പെടുത്തുന്നതിനുള്ള പട്ടിക"യിലെ നിരക്കുകളേക്കാൾ കുറവായതിനാൽ ഈയിനത്തിൽ പഞ്ചായത്തിനുണ്ടായ നഷ്ടം പിഴപ്പലിശ സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജീവനക്കാരുടെ പേരും തസ്തികയും | സ്ഥാപനം/ഓഫീസ് | അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | ഏത് അർദ്ധ വർഷത്തേയ്ക്ക് എന്നത് |
|---|---|---|---|---|---|
| ശ്രീമതി. ജയലക്ഷ്മി. ആർ (സ്റ്റാഫ്) | ശിവാനന്ദ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെർത്ത് & റിസർച്ച് | 141055 | 1000 | 1250 | Ist Half |
| | | 143465 | 1000 | 1250 | IInd Half |

ഇതു സംബന്ധിച്ച് 29.10.2021 തീയതിയിൽ 20 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തനത് വരുമാനത്തിന്റെ പ്രധാന സ്രോതസ്സായ തൊഴിൽ നികുതി വരുമാനം യഥാസമയം ഡിമാന്റ് ചെയ്ത് കൃത്യമായി പിരിച്ചെടുക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതാണ്.

## 1-20 ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ വിവിധ ക്ഷേമ പദ്ധതികൾ

02.06.2017 ലെ സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ ഖണ്ഡിക 3.2.1,3.2.2, 3.2.3,3.4.2.,3.4.3. എന്നിവ അനുശാസിക്കും പ്രകാരമുള്ള സൗകര്യങ്ങളിൽ ചുവടെപ്പറയുന്ന സൗകര്യങ്ങൾ പഞ്ചായത്തിലെ അങ്കണവാടികളിൽ ഇല്ല.

| ക്രമ നം. | അപാകം | എണ്ണം |
|---|---|---|
| 1 | സ്വന്തമായി കെട്ടിടം ഇല്ലാത്തവ | 5 |
| 2 | വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 5 |

| | | |
|---|---|---|
| 3 | സ്വന്തമായി സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തവ | 1 |
| 4 | ചുറ്റുമതിൽ ഇല്ലാത്തവ | 7 |
| 5 | ഓട്ടോമാറ്റിക് ഗേറ്റ് ഇല്ലാത്തവ | 20 |
| 6 | റോഡിന് സമീപത്ത് അല്ലാത്തവ | 4 |
| 7 | കളിസ്ഥലം ഇല്ലാത്തവ | 4 |
| 8 | ശുചിയായ ചുറ്റുപാട് ഇല്ലാത്തവ | 1 |
| 9 | മൂന്ന മുറിയെങ്കിലും ഇല്ലാത്തവ | 9 |
| 10 | ഭിന്നശേഷിക്കാർക്കായി റാമ്പ് ഇല്ലാത്തവ | |
| 11 | ശിശു സൗഹൃദ പെയിന്റിംഗ് ഇല്ലാത്തവ | 19 |
| 12 | ശിശു സൗഹൃദ ശുചിമുറി ഇല്ലാത്തവ | 20 |
| 13 | സൂപ്പർവൈസറുടെ ഫോൺനമ്പറോട്ടുകൂടിയ നെയിം ബോർഡില്ലാത്തവ | 20 |
| 14 | ബേബി മേശ ഇല്ലാത്തവ | 20 |
| 15 | വാട്ടർ പ്യൂരിഫൈയർ ഇല്ലാത്തവ | 17 |
| 16 | നോട്ടീസ് ബോർഡ് ഇല്ലാത്തവ | |
| 17 | പരാതിപ്പെട്ടി ഇല്ലാത്തവ | 20 |

02.06.2017 ലെ സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ ഖണ്ഡിക 4.2.1. പ്രകാരം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതികളുടെ നിർവ്വഹണം, അങ്കണവാടികളുടെ പ്രവർത്തനം എന്നിവ മോണിറ്റർ ചെയ്യുകയും ഭാവിയിയിലെ വികസനത്തിനായി പദ്ധതികൾ തയ്യാറാക്കുകയും അങ്കണവാടികളിലെ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുകയും ചെയ്യണം. മേൽ സൂചിപ്പിച്ച അപര്യാപ്തതകളാൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടേണ്ടതുണ്ടെന്ന് വ്യക്തമാകുന്നു. അങ്കണവാടികളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടേണ്ടത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സ്റ്റാന്റിംഗ് കമ്മിറ്റി, പഞ്ചായത്ത് കമ്മിറ്റി എന്നിവ ശ്രദ്ധിക്കേണ്ടതാണ്.

02.06.2017 ലെ സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ ഖണ്ഡിക 3.3.3.I പ്രകാരം ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ഐ.സി.ഡി.എസ്. സൂപ്പർവൈസർ കൺവീനറായും ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), ഹെഡ്മാസ്റ്റർ (ജി.എൽ.പി.എസ്), ഒരു അങ്കണവാടി വർക്കർ, വി.ഇ.ഒ, കൃഷി ഓഫീസർ എന്നിവർ അംഗങ്ങളായും ഗ്രാമപ്പഞ്ചായത്തുതല ഐ.സി.ഡി.എസ് കോർഡിനേഷൻ കമ്മിറ്റി രൂപവത്ക്കരിക്കേണ്ടതുണ്ട്. ഈ കമ്മിറ്റി രണ്ട് മാസത്തിലൊരിക്കൽ യോഗം ചേർന്ന് അങ്കണവാടികളുടെ പ്രവർത്തനത്തിന്റെ അവലോകനവും മേൽനോട്ടവും നിർവ്വഹിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ പ്രസ്തുത കമ്മിറ്റി രൂപീകരിച്ചിട്ടില്ല. ഗ്രാമപ്പഞ്ചായത്തുതല ഐ.സി.ഡി.എസ് കോർഡിനേഷൻ കമ്മിറ്റി രൂപവത്ക്കരിക്കേണ്ടതും കൃത്യമായി പ്രവർത്തിക്കേണ്ടതും ഐ സി ഡി എസ് ന്റെ മെച്ചപ്പെട്ട പ്രവർത്തനത്തിനേ ആവശ്യമാണ്. ആയതിനാൽ ഈ കമ്മിറ്റി സജീവമായി പ്രവർത്തിക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ

എ) ശിശുസൗഹൃദപഞ്ചായത്ത് പ്രവർത്തനങ്ങൾ (S0133/2020) പദ്ധതി നടപ്പാക്കിയില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 5/25.10.2021 ന് ജില്ലാ പഞ്ചായത്ത് വിഹിതം ലഭിക്കാത്തതുകൊണ്ടാണ് പദ്ധതി നടപ്പാക്കാനാകാത്തതെന്ന് മറുപടി ലഭ്യമാക്കി. എന്നാൽ ജില്ലാ പഞ്ചായത്ത് ഫണ്ട് യഥാസമയം ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല. വരും വർഷങ്ങളിൽ നടപ്പാക്കാനാകുന്ന പദ്ധതികൾ മാത്രം ആസൂത്രണം ചെയ്യുകയും യഥാസമയം ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്. ഇക്കാര്യത്തിൽ പഞ്ചായത്ത് കമ്മിറ്റി ശ്രദ്ധ പുലർത്തേണ്ടതാണ്.

ബി) ഒരു ലക്ഷം രൂപ അടങ്കൽ വച്ച് തയ്യാറാക്കിയ സ്പീച്ച് ബിഹേവിയർ ഒക്കുപ്പേഷണൽ തെറാപ്പി പദ്ധതിയിൽ ആകെ ആറായിരം രൂപ മാത്രമേ ചെലവാക്കിയിട്ടുള്ളൂ. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 5/25.10.2021 ന് പഞ്ചായത്ത് നിയോഗിച്ച തെറാപ്പിസ്റ്റ് ഉപരിപഠനത്തിന് പോയതിനാലാണ് പദ്ധതി തുടരാൻ സാധിക്കാത്തതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ നിരുത്തരവാദപരമായ രീതിയിൽ പദ്ധതി നിർവ്വഹണത്തെ സമീപിക്കുന്നത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ആവശ്യമായ പരിഷ്കരണങ്ങൾ നടത്തി പദ്ധതി നടപ്പാക്കാതിരുന്നത് ഗുരുതര വീഴ്ചയാണ്.

ഇക്കാര്യത്തിൽ മോണിറ്ററിംഗ് കമ്മിറ്റി, സ്റ്റാന്റിംഗ് കമ്മിറ്റി, പഞ്ചായത്ത് കമ്മിറ്റി എന്നിവ തങ്ങളുടെ മേൽനോട്ടത്തിലൂടെ സുഗമമായ പദ്ധതി നിർവ്വഹണം ഉറപ്പാക്കേണ്ടിയിരുന്നു. ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്.

സി) ഭിന്നശേഷിക്കാരുടെ വിവരങ്ങൾ അടങ്ങിയ രജസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

സ.ഉ.(സാധാ)നം.2465/2016/തസ്വഭവ തിയ്യതി 17.08.2016 പ്രകാരം ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിയുടെ ഭാഗമായി രജിസ്റ്റർ പരിപാലിക്കേണ്ടതാണ്. എന്നാൽ കള്ളിക്കാട് ഗ്രാമപ്പഞ്ചായത്തിൽ ഇത്തരത്തിലുള്ള ഒരു രജിസ്റ്റർ പരിപാലിക്കുന്നില്ല. എത്രയും വേഗം രജിസ്റ്റർ തയ്യാറാക്കാമെന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 27/30.10.2021 ന് ലഭ്യമാക്കിയ മറുപടിയിൽ ഐ സി ഡി എസ് സൂപ്പർവൈസർ വ്യക്തമാക്കിയിട്ടുണ്ട്. വരും വർഷങ്ങളിൽ ഇത്തരം വീഴ്ച ഒഴിവാക്കേണ്ടതും സർക്കാർ ഉത്തരവ് അനുശാസിക്കും പ്രകാരമുള്ള രേഖകൾ എല്ലാം പരിപാലിക്കാൻ ആവശ്യമായ നടപടികൾ കൈക്കള്ളേണ്ടതുമാണ്. മോണിറ്ററിംഗ് കമ്മിറ്റി ഇക്കാര്യം ഉറപ്പാക്കേണ്ടതാണ്.

ഡി) വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകൽ പദ്ധതിയിലെ അപാകങ്ങൾ

വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകൽ - .എസ് റ്റി (പ്രൊജക്ട് നം. 133 – സ്പിൽ ഓവർ) പദ്ധതി പ്രകാരം 116 ഗുണഭോക്താകൾക്ക് കട്ടിലുകൾ വിതരണം ചെയ്തിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്ട് നം., പേര് | S0047/20, വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകൽ - എസ്.റ്റി |
| അടങ്കൽ | 47850/- രൂപ (വികസന ഫണ്ട് (ടി.എസ്.പി.) |
| ചെലവ് | 42339/- രൂപ (ട്രഷറി ബിൽ നം. 37/18.03.20) |
| ഗുണഭോക്താക്കളുടെ എണ്ണം | 16 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

പദ്ധതിയിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ടി എസ് പി ഫണ്ട് വിനിയോഗിച്ച് നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം ആനുകൂല്യം വിതരണം ചെയ്യപ്പെടുന്നതിന് തെരഞ്ഞെടുക്കപ്പെട്ട താഴെ പറയുന്ന ഗുണഭോക്താക്കൾ പട്ടികവർഗ വിഭാഗത്തിൽ പെട്ടവരാണെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം, മുൻവർഷങ്ങളിൽ ഈയാനുകൂല്യം ലഭിച്ചിട്ടില്ല എന്നുറപ്പുവരുത്തുന്ന സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | വിതരണ രജിസ്റ്റർ പ്രകാരമുള്ള ക്രമ നം. |
|---|---|---|
| 1 | അപ്പുകാണി | വാവോട് VII ,1 |
| 2 | അമ്മുക്കുട്ടി | „ 2 |
| 3 | സരസ്വതി | „ 3 |
| 4 | ദേവകി | „ 4 |
| 5 | വനജ | „ 5 |
| 6 | രാധ | „ 6 |
| 7 | പാച്ചൻകാണി | വ്ളാവെട്ടി ,1 |
| 8 | നാരായണി | വ്ളാവെട്ടി ,2 |
| 9 | അമ്മുക്കുട്ടി | വ്ളാവെട്ടി ,3 |
| 10 | ശങ്കരൻകാണി | വ്ളാവെട്ടി ,4 |
| 11 | രാമചന്ദ്രൻകാണി | വ്ളാവെട്ടി ,5 |
| 12 | രാധ.എ | വ്ളാവെട്ടി ,6 |
| 13 | സദാശിവൻകാണി | വ്ളാവെട്ടി ,7 |
| 14 | രാമകൃഷ്ണൻകാണി | വ്ളാവെട്ടി ,8 |
| 15 | കൃഷ്ണൻകാണിക്കാരി | വ്ളാവെട്ടി ,9 |
| 16 | ദാക്ഷായണി | വ്ളാവെട്ടി ,10 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 26/30.10.2021ന് മുൻവർഷങ്ങളിൽ ഈയാനുകൂല്യം ലഭിച്ചിട്ടില്ല എന്നുറപ്പുവരുത്തുന്ന സാക്ഷ്യപത്രം എന്നിവ വാങ്ങി ഫയലിൽ ചേർക്കാമെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

2. സരസ്വതി,നാരകത്തിൻകുഴി,വനജ,കണ്ടംതിട്ട എന്നീ ഗുണഭോക്താക്കൾ കട്ടിൽ കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. കൈപ്പറ്റ് രസീത് വാങ്ങി സൂക്ഷിക്കാമെന്ന് ഓഡിറ്റ് എൻക്വയറി നം 26/30.10.2021 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

3. Shalom Wood Crafting & Furniture എന്ന സ്ഥാപനത്തിൽ നിന്നാണ് കട്ടിലുകൾ വാങ്ങിയത്. എന്നാൽ പ്രസ്തുത സ്ഥാപനവുമായി ഐ.സി.ഡി.എസ് സൂപ്പർവൈസർ കരാർ ചമച്ചിട്ടില്ല .

4. Supply Order ഫയലിൽ ചേർത്തിട്ടില്ല.

5. കൃത്യമായ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല.

മേൽ അപാകങ്ങൾ എല്ലാം പരിഹരിക്കാമെന്ന് മേൽ സൂചിതമായ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതി നിർവ്വഹണം കുറ്റമറ്റ വിധം നടപ്പാക്കാത്തത് വീഴ്ചയാണ്. കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുവേണം പദ്ധതി നിർവ്വഹണം നടത്താൻ മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തി ഇത്തരം വീഴ്ചകൾ ഒഴിവാക്കേണ്ടതാണ്.

ജാഗ്രതാസമിതികൾ സജീവമല്ല

സ്ത്രീകളും പെൺകുട്ടികളും സമൂഹത്തിൽ നേരിടുന്ന പ്രശ്നങ്ങളുടെ പരിഹാരത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് ജാഗ്രത സമിതികൾ. സ.ഉ(എം.എസ്) നം.31/07 സ.ക്ഷേ.വ തീ.23.06.2007 ഉത്തരവ് പ്രകാരമുള്ള മാർഗ നിർദ്ദശപ്രകാരം ജാഗ്രത സമിതി യോഗങ്ങൾ മാസത്തിൽ ഒരു തവണയെങ്കിലും യോഗം ചേർന്നിരിക്കണം(ഭാഗം 1.12.1) .എന്നാൽ ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷം പഞ്ചായത്ത് തല ജാഗ്രത സമിതി യോഗം ചേർന്നതിന്റെ വിവരം ലഭ്യമല്ല. ഓരോ വാർഡിലെയും ഗ്രാമസഭയ്ക്ക് മുന്പായി ജാഗ്രതാ സഹായ സമിതി വിളിച്ചു കൂട്ടിയും വാർഡ് തല ജാഗ്രത സമിതി വിളിച്ചു കൂട്ടിയും വിഷയങ്ങൾ ചർച്ച ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത സമിതികളിലെ പൊതു വിഷയങ്ങൾ എല്ലാ ഗ്രാമ സഭകളിലും ചർച്ച ചെയ്യേണ്ടതാണെന്നും മാർഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്(ഭാഗം 1.15). എന്നാൽ മേൽ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നില്ല. തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ജാഗ്രത സമിതി ക്രോഡീകരിച്ച റിപ്പോർട്ട് എല്ലാ മാസവും അതത് ബ്ലോക്ക് സി.ഡി.പി.ഒ മാർക്ക് സമർപ്പിക്കേണ്ടതാണ്(ഭാഗം.1.23). എന്നാൽ അത്തരത്തിൽ റിപ്പോർട്ടുകൾ സമർപ്പിച്ചതിന്റെ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 16/25.10.2021 ന് മറുപടിയിൽ നിലവിൽ വാർഡുതലത്തിലുള്ള ജാഗ്രതാസമിതികൾ സജീവമായി നടത്തി വരുന്നതായി അറിയിച്ചിട്ടുണ്ട്. എന്നാൽ കൃത്യമായി യോഗം ചേരുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഡ് | യോഗങ്ങളുടെ എണ്ണം |
|---|---|
| 1 | 3 |
| 2 | 2 |
| 3 | 1 |
| 4 | 2 |
| 5 | 1 |
| 6 | 1 |
| 7 | 2 |
| 8 | 1 |
| 9 | 1 |
| 10 | 1 |
| 11 | 1 |
| 12 | 1 |
| 13 | 1 |

സർക്കാർ മാർഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ജാഗ്രത സമിതി പ്രവർത്തനങ്ങൾ

കാര്യക്ഷമമാക്കേണ്ടതാണ്.

## 1-21 ലോഗ്ബുക്ക് പരിപാലനത്തിലെ അപാകതകൾ

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനത്തിന്റെ ലോഗ്ബുക്കുകൾ നിയമാനുസൃതമായ രീതിയിൽ പരിപാലിക്കുന്നില്ല. ലോഗ്ബുക്കുകളുടെ പരിപാലനത്തിൽ കെ.എഫ്.സി വാല്യം.I പ്രകാരം കെ.എഫ്.സി വാല്യം.II ൽ നൽകിയിട്ടുള്ള 48എ, 48ബി എന്നീ ഫോറങ്ങളിലെ വ്യവസ്ഥകളും കേരള സർക്കാർ ധനകാര്യ പരിശോധനാ വിഭാഗം (നോൺ ടെക്നിക്കൽ-എഫ്) വകുപ്പ് പുറപ്പെടുവിച്ച 2.08.2008 ലെ 41/2008/ധന നമ്പർ സർക്കുലറിലെ വ്യവസ്ഥകളും 30.06.07 ലെ ജി.ഒ.(എം.എസ്) 170/07 ത.സ്വ.ഭ.വ എന്ന ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ്. 2019-20 സാമ്പത്തിക വർഷത്തെ ലോഗ്ബുക്കുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. കസ്റ്റോഡിയൻ-ഓഫീസർ ലോഗ്ബുക്ക് പരിശോധിക്കുന്നില്ല

വാഹനത്തിന്റെ കസ്റ്റോഡിയൻ-ഓഫീസർ ഇടയ്ക്കിടെ ലോഗ്ബുക്ക് പരിശോധിക്കേണ്ടതും വാഹനത്തിന്റെ ഉപയോഗം ക്രമപ്രകാരമാണെന്ന് ബോദ്ധ്യപ്പെടേണ്ടതും പരിശോധിച്ച വിവരം അതിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

2. ഫുൾടാങ്ക് ഇന്ധനം നിറയ്ക്കുന്നില്ല

വാഹനത്തിന്റെ ഇന്ധനടാങ്ക് പൂർണ്ണമായും നിറയ്ക്കേണ്ടതാണ്. നിയന്ത്രണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ മേൽനോട്ടത്തിലോ അല്ലെങ്കിൽ നിയന്ത്രണാധികാരി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിലോ ഇന്ധനം നിറയ്ക്കേണ്ടതാണ്. തീയതി, ഓരോ പ്രാവശ്യവും നിറച്ച ഇന്ധനത്തിന്റെ ആകെ അളവ്, ഇന്ധനം നിറയ്ക്കുമ്പോഴുള്ള കിലോമീറ്റർ റീഡിംഗ്, ആ സമയത്ത് വാഹനത്തിലുണ്ടായിരുന്ന ഇന്ധനത്തിന്റെ മുൻബാക്കി എന്നിവ ലോഗ്ബുക്കിൽ എഴുതിയതിനുശേഷം ടാങ്ക് നിറയ്ക്കുമ്പോൾ സന്നിഹിതനായിരുന്ന ഉദ്യോഗസ്ഥന്റെ പേരും ഒപ്പും ഉദ്യോഗപ്പേരും ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതിന് ബന്ധപ്പെട്ട അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ വാഹനത്തിന്റെ ടാങ്ക് കപ്പാസിറ്റിയും ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

3. രജിസ്ട്രേഷൻ നമ്പർ രേഖപ്പെടുത്തുന്നില്ല

ലോഗ്ബുക്കിന്റെ നിർദ്ദിഷ്ട ഭാഗത്ത് വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ, Type Of Vehicle എന്നീ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

4. അറ്റകുറ്റപണികളുടെ വിവരം രേഖപ്പെടുത്തുന്നില്ല

അറ്റകുറ്റപണികളെ സംബന്ധിച്ചുള്ള വിവരങ്ങൾ യഥാസമയം ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

5. യാത്ര ചെയ്ത ഉദ്യോഗസ്ഥന്റെ ഒപ്പ് രേഖപ്പെടുത്തുന്നില്ല

ലോഗ്ബുക്കിന്റെ നിർദ്ദിഷ്ട ഭാഗങ്ങളിൽ ഔദ്യോഗിക യാത്ര നടത്തിയ ഉദ്യോഗസ്ഥന്റെ/ജനപ്രതിനിധിയുടെ ഒപ്പ് നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

6. ഇന്ധനക്ഷമത ടെസ്റ്റ് സർട്ടിഫിക്കറ്റ് പതിച്ചിട്ടില്ല

ഇന്ധനക്ഷമത ടെസ്റ്റ് എല്ലാ വർഷവും കൃത്യസമയത്തു നടത്തേണ്ടതും സർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ അതതു പേജുകളിൽ പതിക്കേണ്ടതുമാണ്.

മേൽ അപാകതകൾക്ക് വിശദീകരണമാരാഞ്ഞ് 28.10.2021 ന നൽകിയ 17 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് അപാകതകൾ പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വാഹനത്തിന്റെ കസ്റ്റോഡിയനായ സെക്രട്ടറിയും,

പരിപാലന ചുമതലയുള്ള ഉദ്യോഗസ്ഥരും മേൽപ്പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതും വാഹനത്തിന്റെ ഉപയോഗവും പരിപാലനവും ലോഗ്ബുക്കുകളുടെയും അനുബന്ധ രേഖകളുടെയും പരിപാലനവും നിയമപ്രകാരമാണെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-22 ടെണ്ടർ -നടപടിക്രമം പാലിക്കേണ്ടതാണ്

| | |
|---|---|
| പദ്ധതിയുടെ പേര് | എൽ ഇ ഡി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ |
| പദ്ധതി നം | S071/19 - 20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 400000/- |
| ചെലവ് | 399024/- |
| ബിൽ നം, തീയതി | 35/19-20, 22.01.2020 |

മേൽ പദ്ധതിയിൽ 17.9.2019 ലെ ടെണ്ടർ നോട്ടീസ് നം എ2/3794/18 പ്രകാരം നാല് ടെണ്ടർ ലഭിച്ചിരുന്നു. ഉഷ ഇലക്ട്രോണിക്സ് സിസ്റ്റംസ്, അമ്മിണി സോളാർ, കല്ലൂർ ഇലക്ട്രോണിക്സ്, കേരള റൂറൽ എംപ്ളോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റി (KREWS) എന്നിവർ യഥാക്രമം 1468/-, 1630/-, 1600/-, 2474.11/- എന്നീ തുകകളാണ് ക്വാട്ട് ചെയ്തത്. ഗ്രാമപ്പഞ്ചായത്തു കമ്മിറ്റിയുടെ 03.10.2019 ലെ യോഗത്തിലെ തീരുമാനം നം VI(2) പ്രകാരം KREWS ന്റെ ടെണ്ടറാണ് അംഗീകരിച്ചത്. ഐ എസ് ഐ മുദ്ര ഇല്ലാത്തതിനാലാണ് ഉഷ ഇലക്ട്രോണിക്സ് സിസ്റ്റംസിന്റെ ടെണ്ടർ നിരസിച്ചത്. വിശ്വസനീയത തോന്നാത്തതിനാലാണ് മറ്റു കമ്പനികളുടെ ടെണ്ടർ നിരസിക്കുന്നതെന്നാണ് കമ്മിറ്റി തീരുമാനിച്ചിരിക്കുന്നത്. എന്നാൽ സാങ്കേതിക പരിശോധനയ്ക്ക് വിധേയമാക്കിയല്ല വിശ്വസനീയത നിർണ്ണയിച്ചത്. സർക്കാർ അധികാരപ്പെടുത്തിയവരുടെ സാങ്കേതിക സഹായം തേടാതെ ഇത്തരം നിഗമനങ്ങളിൽ എത്തുന്നത് അഭിലഷണീയമല്ല. ഇത്തരം വീഴ്ചകൾ ഒഴിവാക്കാനും സർക്കാർ നിർദ്ദേശിച്ചിരിക്കുന്നവരുടെ സഹായത്തോടെ ഗുണമേന്മ നിർണ്ണയിക്കാനും ശ്രദ്ധിക്കേണ്ടതാണ്. അതിനു വിരുദ്ധമായി സ്വയം നിഗമനങ്ങളിലെത്തി ഉയർന്ന തുകയുള്ള ടെണ്ടറുകൾ അംഗീകരിക്കുന്നതുവഴി നഷ്ടം സംഭവിക്കുന്ന തുക പ്രസ്തുത മീറ്റിംഗിൽ പങ്കെടുക്കുകയും വിയോജനക്കുറിപ്പ് രേഖപ്പെടുത്താതിരിക്കുകയും ചെയ്യുന്ന എല്ലാ വ്യക്തികളിലും നിന്ന് ഈടാക്കുന്നതാണ്.

2.

| | |
|---|---|
| പദ്ധതിയുടെ പേര് | എം ജി എൻ ആർ ഇ ജി എസ് ഹോളോബ്രിക്സ് നിർമ്മാണ യൂണിറ്റ് |
| പദ്ധതി നം | S0151/19-20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 271500/- |
| ചെലവ് | 271500/- |
| ബിൽ നം, തീയതി | 3/19-20, 10.05.2019 |

മേൽ പദ്ധതിക്കായുള്ള 11.01.2019 ലെ ടെണ്ടർ നോട്ടീസ് നം എ 2/300/18 ൽ ഹോളോബ്രിക് നിർമ്മാണ യന്ത്രഭാഗങ്ങളുടെ കമ്പനികളുടെ പേര് രേഖപ്പെടുത്തിയിരിക്കുന്നു. Vizag Channel Frames, Havell/ Crompton Motors, JSW Heavy Pressing Plates Cutted Non Gas Cutting എന്നാണ് സാധനങ്ങളുടെ വിവരം ചേർത്തിരിക്കുന്നത്. എന്നാൽ സ്റ്റോർ പർച്ചേസ് മാന്വലിലെ ഖണ്ഡിക 4.1 പ്രകാരം ടെണ്ടറിൽ ബ്രാന്റിന്റെ പേര് ചേർക്കാൻ പാടില്ല. ഓഡിറ്റ് എൻക്വയറി നം 13/ 27.10.2021 ന് ലഭ്യമാക്കിയ മറുപടി പ്രസ്തുത വീഴ്ചയെ സാധൂകരിക്കാൻ പര്യാപ്തമല്ല. ഭാവിയിൽ പദ്ധതികൾ നടപ്പാക്കുമ്പോൾ സ്റ്റോർ പർച്ചേസ് മാന്വലിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ക്വട്ടേഷൻ, ടെണ്ടർ നടപടികൾ നിർവ്വഹിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 പെൻഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

2019-2020 സാമ്പത്തിക വർഷത്തെ വിവിധ ക്ഷേമ പെൻഷനുകളുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ പെൻഷൻ വിവരങ്ങൾ കൃത്യമായി ഉൾപ്പെടുത്തിയിട്ടുള്ള ക്ഷേമ പെൻഷൻ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ അപേക്ഷകന് നിശ്ചിത സമയത്തിനുള്ളിൽ പെൻഷൻ ലഭിച്ചോയെന്നും, പെൻഷൻ അപേക്ഷകൾ സ്വീകരിച്ച തീയതി, അപേക്ഷകന്റെ വിശദവിവരങ്ങൾ, അപേക്ഷ അന്വേഷണോദ്യോഗസ്ഥന് കൈമാറിയ തീയതി, അന്വേഷണോദ്യോഗസ്ഥൻ റിപ്പോർട്ട് ലഭ്യമാക്കിയ തീയതി, അന്വേഷണ റിപ്പോർട്ടിലെ ശിപാർശ, അപേക്ഷകൾ

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ച വിവരം, കമ്മിറ്റി തീരമാന പ്രകാരം പെൻഷൻ അനുവദിച്ച തീയതി തുടങ്ങിയ വിവരങ്ങളും പ്രസ്തുത രജിസ്റ്ററിന്റെ അഭാവത്തിൽ അറിയുവാൻ സാധിച്ചിട്ടില്ല. പെൻഷൻ സംബന്ധമായി പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള രേഖകളിൽ (അപേക്ഷകൾ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ്) നിന്നും നാമമാത്രമായ വിവരങ്ങൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്.

ക്ഷേമ പെൻഷനുകളുടെ പൂർണ്ണ വിവരമടങ്ങിയ ക്ഷേമ പെൻഷൻ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും പെൻഷൻ അനുവദിക്കുന്നതിൽ സർക്കാർ മാനദണ്ഡ പ്രകാരമുള്ള സമയപരിധിയും സുതാര്യതയും കാര്യക്ഷമതയും ഉറപ്പ് വരുത്തേണ്ടതുമാണ്.

ഇതു സംബന്ധിച്ച് 28.10.2021 തീയതിയിൽ 15 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്കു ലഭ്യമാക്കിയ മറുപടിയിൽ അപാകതകളില്ലാത്ത പെൻഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

## 1-24 കരാർ ചമയ്ക്കാൻ താമസിച്ചതിന് പിഴ ഈടാക്കിയിട്ടില്ല

അസി. എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട് കരാറുകാരനുമായി കരാറിലേർപ്പെടുന്നതിന് (എഗ്രിമെന്റ്) കാലതാമസം നേരിട്ടിട്ടുണ്ട്. ഇതിന് കരാറുകാരനിൽ നിന്നും നിയമാനുസൃതമായ പിഴ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രവൃത്തിയുടെ പേര് : കോട്ടുമം - ഉലയൻകോണം റോഡ് പാർശ്വഭിത്തി നിർമ്മാണം

പ്രോജക്റ്റ് നമ്പർ: 169/19-20 (SO 68)

ഫണ്ടിനം: മെയിന്റനൻസ് ഫണ്ട് - റോഡ്

ആകെ അടങ്കൽ: 1405000/-

എഗ്രീഡ് പി എ സി: 992613/-

ചെലവ് തുക: 991713/-

ട്രഷറി ബിൽ നമ്പരും തീയതിയും: 07/12.07.2019

അളവുപുസ്തക നമ്പർ:340/17-18

സെലക്ഷൻ നോട്ടീസ് കരാറുകാരൻ കൈപ്പറ്റിയ തീയതി: 11.07.2018

പിഴ കൂടാതെ കരാർ ചമയ്ക്കേണ്ട തീയതി: 25.07.2018

കരാർ ചമച്ച തീയതി: 03.08.2018

കരാർ (എഗ്രിമെന്റ്) നമ്പർ: 51/AE/KKD/18-19 Dt. 03.08.2018

ഈടാക്കേണ്ട പിഴ: 9926/-രൂപ (എഗ്രീഡ് പി എ സി യുടെ 1%)

കരാറുകാരൻ: ശ്രീ. വിജയൻ. ഡി, ഗിൽഗാൽ നിവാസ്, ചെരിഞ്ഞാംകോണം

പൊതു മരാമത്ത് മാന്വൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് തീയതി മുതൽ 14 ദിവസത്തിനകം കരാർ വയ്ക്കേണ്ടതാണ്. ഇല്ലെങ്കിൽ തുടർന്നുള്ള 10 ദിവസത്തേയ്ക്ക് എഗ്രീഡ് പി എ സി യുടെ (കരാർ തുകയുടെ) 1% പിഴയീടാക്കിയും കരാറിലേർപ്പെടാവുന്നതാണ്.

യഥാസമയം കരാറിലേർപ്പെടുവാൻ സാധിക്കാത്തതിനാൽ പിഴ സംഖ്യയായി നിർണ്ണയിച്ചിട്ടുള്ള 9926/-രൂപ കരാറുകാരനിൽ നിന്നും എത്രയും പെട്ടെന്ന് വസൂലാക്കി ഒടുക്കാത്ത പക്ഷം പ്രസ്തുത തുക നിർവ്വഹണോദ്യോഗസ്ഥന്റെ ബാദ്ധ്യതയായി മാറുന്നതാണ്.

മേൽ അപാകതയുമായി ബന്ധപ്പെട്ട് 26.10.2021 തീയതിയിൽ 08 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്കു ലഭ്യമാക്കിയ മറുപടിയിൽ പിഴ കരാറുകാരനിൽ നിന്നും ഈടാക്കി രസീത് ഹാജരാക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത തുക ഈടാക്കി ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-25 ടെന്റർ നിരക്കിനേക്കാൾ കൂടുതൽ തുക കരാറുകാരനു നൽകി

കരാറുകാരൻ സമർപ്പിച്ച ടെന്റർ നിരക്കിനെക്കാൾ കൂടുതൽ തുക അനുവദിച്ചു നൽകിയത് ധന നഷ്ടത്തിനു കാരണമായി.

മിന്നാമിന്നിക്കുഴി നടപ്പാത പാർശ്വഭിത്തി നിർമ്മാണം (Project No. 73/19-20) എന്ന പ്രവൃത്തിയ്ക്കുവേണ്ടി ലഭിച്ച ടെന്ററുകളിൽ ഏറ്റവും കുറഞ്ഞ നിരക്കായ എസ്റ്റിമേറ്റ് തുകയിൽ (221914/-) നിന്നും 0.09% തുക കുറച്ച് ക്വാട്ട് ചെയ്ത ശ്രീ. വിനോദ്.കെ, പെരിഞ്ഞാം മേലതിൽ വീട് എന്ന കരാറുകാരന്റെ ടെന്റർ അംഗീകരിക്കുകയും സെലക്ഷൻ നോട്ടീസ് (പി.ബി-01/ടെ/എഇ/തസ്വഭവ/2018-19 തീയതി: 26.07.2019) അയയ്ക്കുകയും ചെയ്തു. എന്നാൽ സെലക്ഷൻ നോട്ടീസിൽ ടെന്റർ നിരക്ക് എസ്റ്റിമേറ്റ് തുകയിൽ നിന്നും 0.09% കുറഞ്ഞ തുക എന്നതിനു പകരം 0.01% കുറഞ്ഞ തുക എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടെന്റർ രജിസ്റ്ററിലും (പുറം. 16) 0.09% കുറവ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അളവ് പുസ്തകത്തിൽ (180/19-20) രേഖപ്പെടുത്തിയിരിക്കുന്ന ബിൽ പ്രകാരം പ്രവൃത്തി മൂല്യത്തിൽ (221913.53) നിന്നും 0.01% തുകയാണ് ടെന്റർ കുറവായി ഇളവ് ചെയ്തിട്ടുള്ളത്. അതായത് 0.08% തുക അധികമായി കരാറുകാരനു നൽകി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അളവ് പുസ്തക പ്രകാരം ആകെ പ്രവൃത്തി മൂല്യം | ടെന്റർ പ്രകാരം കുറവ് ചെയ്യേണ്ട 0.09% തുക | അളവ് പുസ്തക പ്രകാരം കുറവ് ചെയ്ത 0.01% ടെന്റർ തുക | അധികമായി നൽകിയ 0.08% തുക | ചെലവ് തുക | ട്രഷറി ബിൽ നമ്പരും തീയതിയും |
|---|---|---|---|---|---|
| 221913.53 | 199.72 | 22.19 | 177.53 | 248518 | 20/21.01.2020 |

മേൽ അപാകതയുമായി ബന്ധപ്പെട്ട് 26.10.2021 തീയതിയിൽ 08 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അധികമായി നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കി അടച്ചുകൊള്ളാമെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-26 നിശ്ചിത കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്തതിന് പിഴ ഈടാക്കിയിട്ടില്ല

അസി.എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പ്രവൃത്തികളുടെ ഫയലുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നിശ്ചിത കാലയളവിനുള്ളിൽ പണി പൂർത്തികരിക്കാൻ കഴിയാത്ത ഏതാനും പ്രവൃത്തികളുടെ വിവരം ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരാറുകാരന്റേതല്ലാത്ത കാരണത്താൽ നിശ്ചിത കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയാതെ വരികയാണെങ്കിൽ സമയപരിധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ അസി. എൻജിനീയർ മുഖേന കാലപരിധി അവസാനിക്കുന്നതിനു മുമ്പ് സമർപ്പിക്കേണ്ടതാണ്. എന്നാൽ കരാറുകാരൻ ഇത്തരത്തിലുള്ള അപേക്ഷ സമർപ്പിക്കുകയോ പൂർത്തീകരണ കാലയളവ് അനുമതിയില്ലാതെ ദീർഘിപ്പിച്ചതിന് കരാറുകാരനിൽ നിന്നും നിയമാനുസൃതമായ പിഴയോ ഈടാക്കിയിട്ടില്ല. തദ്ദേശ സ്വയം ഭരണ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.08.2018 ലെ എ.സി2/223/15 തസ്വഭവ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാൽ പിഴ ആദ്യ മൂന്നു മാസക്കാലയളവിന് 1% നിരക്കിലും തുടർന്ന് ഓരോ മൂന്നു മാസക്കാലയളവിനും 2% നിരക്കിലും ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം കാലതാമസം വരുത്തിയതിന് പിഴ കണക്കാക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ)

| | |
|---|---|
| പ്രോജക്ട് നമ്പർ | 169/19-20 |
| പ്രവൃത്തിയുടെ പേര് | കോട്ടമം - ഉലയൻകോണം റോഡ് പാർശ്വഭിത്തി നിർമ്മാണം |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് - റോഡ് |
| ആകെ അടങ്കൽ | 1405000/- |
| എഗ്രീഡ് പി എ സി | 992613/- |
| ചെലവ് തുക | 991713/- |
| ട്രഷറി ബിൽ നമ്പരും തീയതിയും | 07/12.07.2019 |
| അളവുപുസ്തക നമ്പര് | 340/17-18 |

| | |
|---|---|
| പൂർത്തീകരണ കാലയളവ് | 4 മാസം (സാങ്കേതികാനുമതി പ്രകാരം) |
| സൈറ്റ് ഹാന്റ്ഓവർ ചെയ്ത് പ്രവൃത്തി ആരംഭിച്ച തീയതി | 06.08.2018 |
| പൂർത്തീയാക്കിയ തീയതി | 07.03.2019 |
| പൂർത്തീകരിക്കേണ്ട തീയതി | 05.12.2018 |
| അധികമായി എടുത്ത ദിവസങ്ങൾ | 92 |
| എഗ്രിമെന്റ് പ്രകാരം പിഴയില്ലാതെ അനുവദനീയമായ 20% കാലയളവ് | 24 ദിവസങ്ങൾ |
| ഗ്രേസ് പിരീഡ് കഴിച്ച് അധികമായുള്ള ദിവസങ്ങൾ | 92-24=68 |
| ആദ്യ മൂന്ന മാസത്തേയ്ക്ക് 1% നിരക്കിലെങ്കിൽ 68 ദിവസത്തേയ്ക്കുള്ള പിഴ തുക | 992613x1%=9926.13, 9926.13/90x68=7499.74 അതായത് 7500/-രൂപ |
| കരാറുകാരന് | ശ്രീ. വിജയൻ. ഡി, ഗിൽഗാൽ നിവാസ്, ചെരിഞ്ഞാംകോണം |

ബി)

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 168/19-20 (61/19) |
| പ്രവൃത്തിയുടെ പേര് | ഏറെക്കോണം - കാരിപ്പാറ റോഡ് പാർശ്വഭിത്തി നിർമ്മാണം |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് - റോഡ് |
| ആകെ അടങ്കൽ | 420000/- |
| എഗ്രീഡ് പി എ സി | 400428/- |
| ചെലവു തുക | 419915/- |
| ട്രഷറി ബിൽ നമ്പരും തീയതിയും | 06/12.07.2019 |
| അളവുപുസ്തക നമ്പര് | 662/18-19 |
| പൂർത്തീകരണ കാലയളവ് | 4 മാസം (സാങ്കേതികാനുമതി പ്രകാരം) |
| സൈറ്റ് ഹാന്റ്ഓവർ ചെയ്ത് പ്രവൃത്തി ആരംഭിച്ച തീയതി | 11.07.2018 |
| പൂർത്തീയാക്കിയ തീയതി | 05.04.2019 |
| പൂർത്തീകരിക്കേണ്ട തീയതി | 10.11.2018 |
| അധികമായി എടുത്ത ദിവസങ്ങൾ | 146 |
| എഗ്രിമെന്റ് പ്രകാരം പിഴയില്ലാതെ അനുവദനീയമായ 20% കാലയളവ് | 24 ദിവസങ്ങള് |

| | |
|---|---|
| ഗ്രേസ് പിരീഡ് കഴിച്ച് അധികമായുള്ള ദിവസങ്ങൾ | 146-24=122 |
| ആദ്യ മൂന്ന മാസത്തേയ്ക്ക് 1% നിരക്കിലുള്ള പിഴ തുക | 400428x1%=4004.28 |
| അടുത്ത മൂന്ന മാസത്തേയ്ക്ക് 2% നിരക്കിലെങ്കിൽ അവശേഷിക്കുന്ന 32 ദിവസത്തേയ്ക്കുള്ള പിഴ തുക | 400428x2%=8008.56, 8008.56/90x32=2847.48 |
| ആകെ പിഴ സംഖ്യ | 4004.28+2847.48=6851.76 |
| ബില്ലിൽ നിന്നും ഈടാക്കിയ പിഴ തുക | 4199 |
| ഒടുക്കുവാൻ അവശേഷിക്കുന്ന പിഴ തുക | 6851.76-4199=2652.76 അതായത് 2653/-രൂപ |
| കരാറുകാരൻ | ശ്രീ. രഞ്ജുലാൽ. എസ്, അനിഴം, മൈലക്കര |

സി)

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 171/19-20 (91/19) |
| പ്രവൃത്തിയുടെ പേര് | ഏറെക്കോണം - നാൽപ്പറത്തലയ്ക്കൽ റോഡിന് പാർശ്വഭിത്തിയും കലുങ്കും നിർമ്മാണം |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് - റോഡ് |
| ആകെ അടങ്കൽ | 1000000/- |
| എഗ്രീഡ് പി എ സി | 821549/- |
| ചെലവു തുക | 731135/- |
| ട്രഷറി ബിൽ നമ്പരും തീയതിയും | 09/12.07.2019 |
| അളവുപുസ്തക നമ്പര് | 124/18-19 |
| പൂർത്തീകരണ കാലയളവ് | 4 മാസം (സാങ്കേതികാനുമതി പ്രകാരം) |
| സൈറ്റ് ഹാന്റ്ഓവർ ചെയ്ത് പ്രവൃത്തി ആരംഭിച്ച തീയതി | 18.07.2018 |
| പൂർത്തീയാക്കിയ തീയതി | 05.03.2019 |
| പൂർത്തീകരിക്കേണ്ട തീയതി | 17.11.2018 |
| അധികമായി എടുത്ത ദിവസങ്ങൾ | 108 |
| എഗ്രിമെന്റ് പ്രകാരം പിഴയില്ലാതെ അനുവദനീയമായ 20% കാലയളവ് | 24 ദിവസങ്ങൾ |
| ഗ്രേസ് പിരീഡ് കഴിച്ച് അധികമായുള്ള ദിവസങ്ങൾ | 108-24=84 |

| | |
|---|---|
| ആദ്യ മൂന്ന മാസത്തേയ്ക്ക് 1% നിരക്കിലെങ്കിൽ 84 ദിവസത്തേയ്ക്കുള്ള പിഴ തുക | 821549x1%=8215.49, 8215.49/90x84=7667.79 അതായത് 7668/-രൂപ |
| കരാറുകാരന് | ശ്രീ. ആർ വിജയകുമാർ, വിജയ ഭവൻ, മുണ്ടവൻകുന്ന്, നെയ്യാർഡാം |

ഡി)

| | |
|---|---|
| പ്രോജക്ട് നമ്പർ | 156/19-20 (132/19) |
| പ്രവൃത്തിയുടെ പേര് | നെയ്യാർഡാം പി. എച്ച്. സി യ്ക്ക് ഡ്രെയിനേജ് സംവിധാനം |
| ഫണ്ടിനം | വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ആകെ അടങ്കൽ | 300000/- |
| എഗ്രീഡ് പി എ സി | 286998/- |
| ചെലവു തുക | 286711/- |
| ട്രഷറി ബിൽ നമ്പരും തീയതിയും | 04/06.06.2019 |
| അളവുപുസ്തക നമ്പര് | 443/18-19 |
| പൂർത്തീകരണ കാലയളവ് | 4 മാസം (സാങ്കേതികാനുമതി പ്രകാരം) |
| സൈറ്റ് ഹാന്റ്ഓവർ ചെയ്ത് പ്രവൃത്തി ആരംഭിച്ച തീയതി | 07.07.2018 |
| പൂർത്തീയാക്കിയ തീയതി | 13.02.2019 |
| പൂർത്തീകരിക്കേണ്ട തീയതി | 06.11.2018 |
| അധികമായി എടുത്ത ദിവസങ്ങൾ | 99 |
| എഗ്രിമെന്റ് പ്രകാരം പിഴയില്ലാതെ അനുവദനീയമായ 20% കാലയളവ് | 24 ദിവസങ്ങൾ |
| ഗ്രേസ് പിരീഡ് കഴിച്ച് അധികമായുള്ള ദിവസങ്ങൾ | 99-24=75 |
| ആദ്യ മൂന്ന മാസത്തേയ്ക്ക് 1% നിരക്കിലെങ്കിൽ 75 ദിവസത്തേയ്ക്കുള്ള പിഴ തുക | 286998x1%=2869.98, 2869.98/90x75=2391.65 അതായത് 2392/-രൂപ |

| | |
|---|---|
| കരാറുകാരന് | ശ്രീ. പ്രശാന്ത്. സി.വി, റാണി ഭവൻ, തോട്ടമ്പറ, കാട്ടാക്കട. പി.ഒ |

ഇ)

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 167/19-20 (59/19) |
| പ്രവൃത്തിയുടെ പേര് | വെങ്കിട്ടമൂട് - വീയ്യക്കോണം റോഡ് സെക്കന്റ് മെറ്റലിംഗും ടാറിംഗും |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് - റോഡ് |
| ആകെ അടങ്കൽ | 480000/- |
| എഗ്രീഡ് പി എ സി | 466133/- |
| ചെലവു തുക | 466108/- |
| ട്രഷറി ബിൽ നമ്പരും തീയതിയും | 05/12.07.2019 |
| അളവുപുസ്തക നമ്പര് | 329/18-19 |
| പൂർത്തീകരണ കാലയളവ് | 4 മാസം (സാങ്കേതികാനുമതി പ്രകാരം) |
| സൈറ്റ് ഹാന്റ്ഓവർ ചെയ്ത് പ്രവൃത്തി ആരംഭിച്ച തീയതി | 07.07.2018 |
| പൂർത്തീയാക്കിയ തീയതി | 10.06.2019 |
| പൂർത്തീകരിക്കേണ്ട തീയതി | 06.11.2018 |
| അധികമായി എടുത്ത ദിവസങ്ങൾ | 216 |
| എഗ്രിമെന്റ് പ്രകാരം പിഴയില്ലാതെ അനുവദനീയമായ 20% കാലയളവ് | 24 ദിവസങ്ങൾ |
| ഗ്രേസ് പിരീഡ് കഴിച്ച് അധികമായുള്ള ദിവസങ്ങൾ | 216-24=192 |
| ആദ്യ മൂന്ന മാസത്തേയ്ക്ക് 1% നിരക്കിലുള്ള പിഴ തുക | 466133x1%=4661.33 |
| അടുത്ത മൂന്ന മാസത്തേയ്ക്ക് 2% നിരക്കിലുള്ള പിഴ തുക | 466133x2%=9322.66 |
| അടുത്ത മൂന്ന മാസത്തേയ്ക്ക് 2% നിരക്കിലുള്ള പിഴ തുക | 9322.66/90x12=1243.02 |

| | |
|---|---|
| ആകെ പിഴ സംഖ്യ | 4661.33+9322.66+1243.02=15227.01 |
| ബില്ലിൽ നിന്നും ഈടാക്കിയ പിഴ തുക | 4661/- |
| ഒടുക്കുവാൻ അവശേഷിക്കുന്ന പിഴ തുക | 15227.01-4661=10566.01 അതായത് 10566/-രൂപ |
| കരാറുകാരൻ | ശ്രീ. അലോഷ്യസ്. സി. ആർ, ചരുവിളവീട്, അരുവിയോട്, കുന്നത്തുകാൽ |

മേൽ പ്രസ്താവിച്ച പിഴ സംഖ്യകൾ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും എത്രയും പെട്ടെന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കാത്ത പക്ഷം ഇതു സംബന്ധിച്ച മുഴുവൻ ബാദ്ധ്യതയും നിർവ്വഹണോദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്.

പ്രസ്തുത അപാകതകളുമായി ബന്ധപ്പെട്ട് 26.10.2021 തീയതിയിൽ 08 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്കു ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരിൽ നിന്നും പിഴ ഈടാക്കി രസീത് ഹാജരാക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്നും ക്രിയാത്മകമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-27 ഇ-ടെന്റർ ഫോറങ്ങളുടെ വില പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ക്രഡിറ്റ് ചെയ്തിട്ടില്ല

ഇ-ടെന്റർ നടത്തിയിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെന്റർ ഫോറങ്ങളുടെ വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലാണ് ഒടുക്കിയിട്ടുള്ളത്. ഈ തുക ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടില്ല. പട്ടിക വർഗ്ഗക്കാരായ കരാറുകാരിൽ നിന്നും ടെന്റർ ഫോറത്തിന്റെ പകുതി വിലയാണ് ഈടാക്കിയിട്ടുള്ളത് 2019-2020 സാമ്പത്തിക വർഷം ഇത്തരത്തിൽ 104205/- രൂപ വരവുള്ളതായി കണക്കുകൾ വ്യക്തമാക്കുന്നു.

| പ്രോജക്ട് നമ്പർ/പേര് | ലഭിച്ച ആകെ ടെന്ററുകളുടെ എണ്ണം | 18% ജി എസ് ടി ഉൾപ്പെടെ ടെന്റർ ഫോറ വില | ആകെ വില |
|---|---|---|---|
| സ്വർണ്ണക്കോട് മലവിള റോഡ് ഓട നിർമ്മാണം | 03 | 2500 | 8750 |

| | | | |
|---|---|---|---|
| 54/19-20 | 01 | 1250 | |
| നിലമേൽ-കനാൽ ബണ്ട് പാർശ്വഭിത്തി നിർമ്മാണം 58/19-20 | 05 | 2500 | 13750 |
| | 01 | 1250 | |
| പെരിഞ്ഞാംകടവ്-വടക്കേവിള നടപ്പാത പാർശ്വഭിത്തി നിർമ്മാണം 55/19-20 | 04 | 1500 | 6750 |
| | 01 | 750 | |
| പാങ്ങപ്പാറ റോഡ് മെയിന്റനൻസ് 117/19-20 | 01 | 2500 | 3750 |
| | 01 | 1250 | |
| ആഴാംകാൽ-മുണ്ടവൻകുന്ന് റോഡ് പാർശ്വഭിത്തി നിർമ്മാണം 56/19-20 | 03 | 1580 | 5530 |
| | 01 | 790 | |
| കോട്ടുമം-ഉലയൻകോണം റോഡ് പാർശ്വഭിത്തി നിർമ്മാണം 78/19-20 | 04 | 2950 | 11800 |
| വ്ലാവെട്ടി-മരക്കുന്നം റോഡ് ഐറിഷ് കൾവർട്ട് നിർമ്മാണം 82/19-20 | 04 | 2290 | 10305 |
| | 01 | 1145 | |
| നെയ്യാർഡാം പി.എച്ച്.സി റോഡ് ഐറിഷ് കൾവർട്ട് നിർമ്മാണം 84/19-20 | 02 | 2950 | 5900 |
| പടപ്പറ-കൊഞ്ഞാർ റോഡ് പാർശ്വഭിത്തി നിർമ്മാണം 122/19-20 | 05 | 1925 | 9625 |
| പൊട്ടംതോട്ടം-തേക്കുവിള നടപ്പാത മെയിന്റനൻസ് 124/19-20 | 02 | 1020 | 2040 |
| ചെരിഞ്ഞാംകോണം-ചാനൽക്കര റോഡ് പാർശ്വഭിത്തി നിർമ്മാണം 130/19-20 | 04 | 2950 | 11800 |
| പള്ളിവേട്ട റോഡ് മെയിന്റനൻസ് 76/19-20 | 01 | 1410 | 2115 |
| | 01 | 705 | |
| പന്തപ്പാലം-പെട്ടിപ്പാറ റോഡ് ഇന്റർലോക്കിംഗും പാർശ്വഭിത്തി നിർമ്മാണവും 126/19-20 | 01 | 665 | 665 |
| മൈലക്കര അങ്കണവാടി നിർമ്മാണം 192/19-20 | 02 | 2500 | 5000 |
| മൈലക്കര വയലരികം റോഡ് പാർശ്വഭിത്തി നിർമ്മാണം 67/19-20 | 01 | 1685 | 1685 |
| ആണ്ടിവിളാകം റോഡ് മെയിന്റനൻസ് 68/19-20 | 01 | 1580 | 1580 |
| ചെരിഞ്ഞാംകോണം-ചാനൽക്കര റോഡ് റീടാറിംഗ് 198/19-20 | 02 | 1580 | 3160 |
| | | ആകെ | 104205 |

ഇതു സംബന്ധിച്ച് 26.10.2021 തീയതിയിൽ 08 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്കു ലഭ്യമാക്കിയ മറുപടിയിൽ 2019-2020 വർഷം ഇ-ടെന്റർ ഫോറങ്ങളുടെ വില്പന തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ മുഖാന്തിരം കത്ത് നൽകിയിട്ടുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

ഇ-ടെന്റർ ഫോറങ്ങളുടെ വിൽപ്പനയിലൂടെ ലഭിക്കുന്ന തുക ഗ്രാമ പഞ്ചായത്തിന്റെ തനത് വരുമാനമാകയാൽ പ്രസ്തുത തുക

എത്രയും പെട്ടെന്ന് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 വാഹന പരിപാലനത്തിലെ അപാകതകൾ

പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ KL-20 F-4113 എന്ന നമ്പരിലുള്ള Bolero Jeep വാഹനമാണുള്ളത്. ഇതിന്റെ പരിപാലനം സംബന്ധിച്ച് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

വാഹനത്തിന്റെ ഇൻഷുറൻസ് സർക്കാർ വകുപ്പിൽ എടുത്തിട്ടില്ല

KL-20 F-4113 എന്ന നമ്പരിലുള്ള ഔദ്യോഗിക വാഹനത്തിന്റെ 2019-2020 കാലയളവിലെ ഇൻഷുറൻസ് കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പിൽ നിന്നും എടുത്തിട്ടില്ല. ദി ഓറിയന്റൽ ഇഷുറൻസ് ലിമിറ്റഡിൽ നിന്നുമാണ് ഇക്കാലയളവിലെ ഇൻഷുറൻസ് എടുത്തിട്ടുള്ളത്.ഇത് സർക്കാർ ഉത്തരവിന് കടകവിരുദ്ധമായ നടപടിയാണ്. 18.04.2000 ലെ ജി.ഒ.(പി) നം. 819/2000 ഫിൻ ഉത്തരവു പ്രകാരം ഗവ. വകുപ്പുകൾ, പൊതുമേഖല സ്ഥാപനങ്ങൾ, സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെ ഔദ്യോഗിക വാഹനങ്ങളുടെ തേർഡ് പാർട്ടി ഇൻഷുറൻസ് കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പിൽ നിന്നും എടുക്കേണ്ടതാണെന്ന് നിഷ്കർഷിക്കപ്പെട്ടിട്ടുണ്ട്.

ഇക്കാര്യം സംബന്ധിച്ച് 28.10.2021 ൽ 17ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്കു ലഭ്യമാക്കിയ മറുപടിയിൽ അടുത്ത തവണ ഇഷുറൻസ് പുതുക്കുന്ന സമയത്ത് കേരള സർക്കാരിന്റെ ഇൻഷുറൻസ് വകുപ്പിൽ നിന്നും എടുക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

## 1-29 ഗുണഭോക്തൃ തെരഞ്ഞെടുപ്പ് - മാർഗ്ഗരേഖ പാലിക്കുന്നില്ല

29.01.2018 ലെ സർക്കാർ ഉത്തരവ് നമ്പർ 11/2018/തസ്വഭവ പ്രകാരം അർഹരായ എല്ലാവരിലും നിന്ന് അപേക്ഷ സ്വീകരിച്ച് അപേക്ഷകളിൽ മുൻഗണനാ മാനദണ്ഡങ്ങൾ പ്രകാരം മാർക്കിട്ട് കരട് ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുകയും ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ അർഹതയും മുൻഗണനയും രണ്ട് ഉദ്യോഗസ്ഥർ ഫീൽഡ് ലെവൽ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുകയും പരിശോധനയുടെയും സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽ കരട് ലിസ്റ്റ് പുതുക്കുകയും വേണം. അപ്രകാരം പുതുക്കുന്ന ലിസ്റ്റ് പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങൾ സ്വീകരിക്കുന്നതിനായി പത്ത് ദിവസത്തെ സമയം നല്കണം.ആക്ഷേപങ്ങൾ സ്വീകരിച്ച് പരിഷ്കരിച്ച കരട് ലിസ്റ്റ് അപേക്ഷകൾ സഹിതം ഗ്രാമസഭയിൽ അവതരിപ്പിച്ച് ചർച്ച

ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ അന്തിമ ലിസ്റ്റ് തയ്യാറാക്കി ഗ്രാമസഭ മിനിറ്റ്സിൽ ചേർക്കുകയും വേണം. അത്തരത്തിലുള്ള നടപടിക്രമങ്ങൾ പാലിച്ചതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് കൊണ്ടുള്ള ഓഡിറ്റ് എൻക്വയറി നം 25/30.10.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കുറ്റമറ്റ വിധത്തിൽ ഏറ്റവും അർഹരായവരെത്തന്നെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കേണ്ടതാണ്. അനർഹരായവർക്ക് ആനുകൂല്യം ലഭ്യമാക്കുന്നത് നിർവ്വഹണം നടത്തുന്ന വ്യക്തിയുടെയും അത്തരത്തിലുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നവരുടെയും വ്യക്തിപരമായ ബാദ്ധ്യതയായി പരിഗണിച്ച് സർച്ചാർജ്ജ് നടപടികൾ കൈക്കൊള്ളുന്നതാണ്.

കൂടാതെ വി.ഇ.ഒ നിർവ്വഹണം നടത്താനായി ആസൂത്രണം നടത്തിയ ലക്ഷം വീട് കോളനി പുനരുദ്ധാരണം, ജൻഡർ പ്രവർത്തനങ്ങൾ എന്നീ പദ്ധതികൾ നടപ്പാക്കിയിട്ടില്ല. ആസൂത്രണം ചെയ്യുന്ന പദ്ധതികൾ കൃത്യമായി നടപ്പാക്കാൻ ശ്രമിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പദ്ധതിയുടെ പേര് | ലഭിച്ച തുക | ചെലവ് (സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത്) | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | സ്നേഹസ്പർശനം | 1340303 | 256500 | 848204 |
| | ക്ഷീരസമൃദ്ധി (ജനറൽ) | | 300000 | |
| | ക്ഷീരസമൃദ്ധി (വനിത) | | 200000 | |
| | അംഗൻവാടി പോഷകാഹാരം (എസ്.ടി) | | 150000 | |
| | അംഗൻവാടി പോഷകാഹാരം (എസ്.സി) | | 100000 | |
| ജില്ലാ പഞ്ചായത്ത് | ഹരിതഭവനം | 356036 | 28000 | 412969 |
| | ലൈഫ്ഭവനപദ്ധതി | | 40000 | |

| വിഹിതം നൽകിയ സ്ഥാപനം | പദ്ധതിയുടെ പേര് | ലഭിച്ച തുക | ചെലവ് (സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത്) | നീക്കിയിരിപ്പ് |
|---|---|---|---|---|
| | (ജനറൽ) | | | |
| | ലൈഫ്ഭവനപദ്ധതി (ടി.എസ്.പി) | | 31536 | |
| | സ്നേഹസ്പർശനം | | 256500 | |

| | 18-19 B4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 19-20 RP – 7, RP31പ്രകാരം വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 19-20 B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് വിഹിതം | 239401 | 356036 | 595437 | 356036 | 239401 | 412969 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 412969 | 1340303 | 1753272 | 1006500 | 746772 | 848204 |

വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള കണക്കുകളും സുലേഖ പ്രകാരമുള്ള കണക്കുകളും പൊരുത്തപ്പെടുന്നില്ല. ആയത് പൊരുത്തപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | മുൻ ബാക്കി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് | നീക്കിയിരിപ്പ് തുക |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | | 376400 (*1) | - | 1817955 | - | 1817955 (*1) |
| കെ.എസ്.ഇ.ബി | | 271296 (*2) | - | 440846 | - (*2) | 440846 (*2) |
| ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | | 0 (*3) | - | 0 (*3) | - | 0 (*3) |

(*1) സുലേഖ ചെലവ് പത്രിക പ്രകാരം നൽകിയ തുക 176400-രൂപ, വിനിയോഗിക്കാൻ ബാക്കിയുള്ള തുക 2949886-രൂപ

(*2) സുലേഖ ചെലവ്/ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം പത്രിക പ്രകാരം നൽകിയ തുക 441658-രൂപ, വിനിയോഗസാക്ഷ്യപത്രം ലഭിച്ചത് 206406/-രൂപ, വിനിയോഗിക്കാൻ ബാക്കിയുള്ള തുക 375956-രൂപ

(*3)- സുലേഖ ചെലവ് പത്രിക പ്രകാരം നൽകിയ തുക 200000-രൂപ, വിനിയോഗിക്കാൻ ബാക്കിയുള്ള തുക 200000-രൂപ

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പ വിവരം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം അടച്ച തുക | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഇ.എം.എസ് ഭവന വായ്പ | 397764 | - | 397764 | 0 |
| KURDFC | 5814687 | 3800000 | 735294 | 8879393 |

## 4-5 സ്ഥിരനിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 59820566 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 60427947 |
| വരവിനങ്ങളിലുള്ള നഷ്ടം | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

(സി)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഇല്ല | | |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | KSA.TVM.GP.2/956/2018, 11.06.2018 | 13 |
| 1998-99 | KSA.TVM.GP.2/956/2018, 11.06.2018 | 2 |
| 1999-2000 | KSA.TVM.GP.2/956/2018, 11.06.2018 | 28 |
| 2000-01 | KSA.TVM.GP.2/956/2018, 11.06.2018 | 12 |
| 2001-02 | KSA.TVM.GP.2/956/2018, 11.06.2018 | 5 |
| 2002-03 | KSA.TVM.GP.2/956/2018, 11.06.2018 | 3 |
| 2003-04 | KSA.TVM.GP.2/956/2018, 11.06.2018 | 15 |
| 2004-05 | KSA.TVM.GP.2/956/2018, 11.06.2018 | 10 |
| 2007-08 | KSA.TVM.GP.2/956/2018, 11.06.2018 | 7 |
| 2008-09 | KSA.TVM.GP.2/956/2018, 11.06.2018 | 5 |
| 2009-10 | KSA.TVM.GP.2/956/2018, 11.06.2018 | 5 |
| 2010-11 | LFTD.GP.2/355/2013, 04.07.2013 | 4 |
| 2011-12 | LFTD.GP.2/1787/2013, 18.12.2013 | 7 |
| 2012-13 | LFTD.GP.2/2456/2014, 16.01.2015 | 5 |
| 2013-14 | LFTD.GP.2/56/2015, 16.01.2016 | 8 |
| 2014-15 | LFTD.GP.2/1362/2016, 01.08.2016 | 20 |
| 2015-16 | KSA.TVM.GP.2/1919/2016, 24.11.2017 | 6 |
| 2016-17 | KSA.TVM.GP.2/1478/2017, 03.08.2017 | 5 |
| 2017-18 | KSA.TVM.GP.2/165/2019 | 23 |
| 2018-19 | | |

ഡെപ്യൂട്ടി ഡയറക്ടർ ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്